KSFDC

# ഫിലിം വിഷൻ

DIGITALMAGAZINE PUBLISHED BY FILCA FILM SOCIETY

PH:8089036090

website:www.filca .in

email :filca kerala@gmail.com

കേരള ഭാഗ്യക്കുറി

filca

വോള്യം -8 ലക്കം -138 മെയ് 2025 മലയാളം - ഇംഗ്ലീഷ്


Filca Film Society, in association with AFSoK (Association of Film Societies of Kerala), Lottery Dept., Joint Council - Nanma Film Society, KSFDC, Chalachithra Academy, Beam Film Society, Human Rights Protection Mission, Senior Citizen Service Council, and BSS Chalachithra Mandalam,

# Alfred Hitchcock Film Festival

ഹൊറർ ,സസ്പെൻസ്, ത്രില്ലർ,മിസ്റ്ററി – ചലച്ചിത്ര കലയിൽ

Horror Thriller Mystery



09:30AM




PSYCHO
1960-USA

11:30AM




REAR WINDOW
1954 - USA

02:30 PM




VERTIGO
1958-USA

05:00PM




THE BIRDS
1954-USA

**25 MAY 2025 Sunday**

Joint Council Hall,
Near Press Club,
Trivandrum.

All are welcome | Admission to people who are above 18 years old | Free entry



കേരള സർക്കാർ
കേരള സംസ്ഥാന ഭാഗ്യക്കുറി
ഇനി ലക്ഷങ്ങളില്ല
കോടികൾ മാത്രം
സമ്മാനഘടനയിൽ അടിമുടി മാറ്റം വരുത്തി സംസ്ഥാന ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
സമൃദ്ധി
ഭാഗ്യക്കുറി | SAMRUDHI LOTTERY
എല്ലാ ഞായറാഴ്ചയും
ഭാഗ്യതാര
ഭാഗ്യക്കുറി | BHAGYATHARA LOTTERY
എല്ലാ തിങ്കളാഴ്ചയും
സ്ത്രീശക്തി
ഭാഗ്യക്കുറി | STHREE SAKTHI LOTTERY
എല്ലാ ചൊവ്വാഴ്ചയും
ധനലക്ഷ്മി
ഭാഗ്യക്കുറി | DHANALEKSHMI LOTTERY
എല്ലാ ബുധനാഴ്ചയും
കാരുണ്യ പ്ലസ്
ഭാഗ്യക്കുറി | KARUNYA PLUS LOTTERY
എല്ലാ വ്യാഴാഴ്ചയും
സുവർണ്ണ കേരളം
ഭാഗ്യക്കുറി | SUVARNA KERALAM LOTTERY
എല്ലാ വെള്ളിയാഴ്ചയും
കാരുണ്യ
ഭാഗ്യക്കുറി | KARUNYA LOTTERY
എല്ലാ ശനിയാഴ്ചയും
എല്ലാ ടിക്കറ്റിനും
ഒന്നാം സമ്മാനം
₹1കോടി
COMMON TO ALL SERIES
ടിക്കറ്റ് വില ₹50
നറുക്കെടുപ്പ് എല്ലാ ദിവസവും ഉച്ചയ്ക്ക് 3 മണിക്ക്
കൂടാതെ 5000, 1000, 500, 100, 50 രൂപയുടെ നിരവധി സമ്മാനങ്ങൾ
For draw results: www.statelottery.kerala.gov.in


കാഴ്ചകളുടെ
ലോകത്തിലൂടെ
വിജ്ഞാനത്തിലേക്ക്
ജോയിന്റ് കൗൺസിൽ
നന്മ ഫിലിം സൊസൈറ്റി





# ഷാജി. എൻ. കരുൺ

## ആദരാഞ്ജലികൾ

വോള്യം -8 ലക്കം -138 മേയ് 2025 മലയാളം - ഇംഗ്ലീഷ്

May Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

ALFRED HITCHCOCK FILM FESTIVAL

KSFDC


# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE May 2025

INDEX


1. Remembering Shaji . N.Karun
ഡോ. ബി.രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 7



2. MacGuffins and the Psychological Horror in the films of Alfred Hitchcock –സാബു ശങ്കർ (ഫിൽക്ക) 12



3. ഹിച്ച്കോക്ക് സിനിമകളുടെ സൗന്ദര്യാത്മകത – പാർവ്വതി ചന്ദ്രൻ (ഫിൽക്ക) 14

4. ആൽഫ്രഡ് ഹിച്ച്കോക്ക്: സിനിമയുടെ ഭാഷയും മനസിന്റെ ഇരുൾവശവും – നിമിഷ ഹെലൻ ( ഫിൽക്ക) 18




5. സൈക്കോ (1960) . –വിനോദ്കുമാർ. പി (ഫിൽക്ക) 21



6. Rear Window: A singular perspective on mystery and suspense- ഡോ. ലളിത ഗൗരി (ഫിൽക്ക) 25

7. വെർട്ടിഗോ – ആൽഫ്രഡ് ഹിച്ച്കോക്ക്
– സുരേഷ്കുമാർ.സി (ബീം ഫിലിം സൊസൈറ്റി). 27



8. ഭയപ്പെടുത്തുന്ന പക്ഷികൾ – ഡോ. പി.അജികുമാർ ( ഫിൽക്ക) 30



9. (പ്രതികരണം)ഫിൽക്ക ഫിലിം സൊസൈറ്റിയുടെ ട്രാൻസ്ജെന്റർ ഫിലിം ഫെസ്റ്റിവൽ –ജോൺ തോമസ് (ഫിൽക്ക) 34



10. (വാർത്ത) സാമൂഹിക നവീകരണത്തിന് ക്ലാസിക്ക് ചലച്ചിത്രമേളകൾ പ്രധാന പങ്ക് വഹിക്കുന്നു – സജീവ്.എസ് (ചെയർമാൻ ,ജോയിൻറ് കൗൺസിൽ) 39



11. (കവിത) ചങ്ങലയ്ക്കിട്ട നന്മകൾ – രാജാംബിക എസ്.എസ് (ഫിൽക്ക) 45



12. (കവിത) വിഭ്രമം –ദിവ്യ.സി.ആർ 46



13. (കവിത) ഭീതിയുടെ തടവറകൾ– അനീഷ്.ആർ.കെ 47





Website:www.filca.in Email:filcakerala@gmail.com

കേരള ഭാഗ്യക്കുറി

KSFDC

filca

# ALFRED HITCHCOCK FILM FESTIVAL

Filca Film Society, in association with AFSoK (Association of Film Societies of Kerala), Lottery Dept., Joint Council - Nanma Film Society, KSFDC, Chalachithra Academy, Beam Film Society, Human Rights Protection Mission, Senior Citizen Service Council, and BSS Chalachithra Mandalam.

| 25 SUNDAY, May, 2025. | SCREENING SCHEDULE | Joint Council Building, Near Press Club, Trivandrum. |
|---|---|---|




## FILCA FILM SOCIETY

09:30 AM
**PSYCHO**
USA/ 1960
**DIR- ALFRED HITCHCOCK**




11:30 AM
**REAR WINDOW**
USA/ 1954
**DIR- ALFRED HITCHCOCK**

Lunch Break

**Poetry session**

2:30 PM
**VERTIGO**
USA/ 1958
**DIR- ALFRED HITCHCOCK**





5 :00 PM
**THE BIRDS**
USA/ 1954
**DIR- ALFRED HITCHCOCK**




FILCA film society filcakerala@gmail.com www.filca.in



# Remembering Shaji.N.Karun



**Dr. B. Radhakrishnan**
(President, Filca Fim Society)

**First, on behalf of Filca members, I offer pranams before the ever-loving memory of Shaji. N. Karun - our advisor, cinematographer and film director.**

**Shaji was always with us inspiring and guiding us as we discussed the theme of the monthly film festival, film magazine and the association of film societies of Kerala.**

**His perspective on film festivals was described in an interview published in our film magazine in the December 2023 edition. It is available on www.filca.in.**

**We were planning a "Shaji. N. Karun film fest" for few months. We had selected four of his selected films to screen and to make an interview - film with him. Due to his voice difficulty, he had been postponing the shoot for the last few months. Finally, he had agreed to conduct the film fest and interview - film just two weeks before his sad demise.**

**Now , AFSoK, the Association of Film Societies of Kerala, has decided to conduct the "Shaji N. Karun Film Festival " in Kottayam soon.**



























# MacGuffins and the Psychological Horror in the films of Alfred Hitchcock



**Sabu Sankar**
**(Novelist, Film Author, Director , Sr. Journalist)**



**Filca film society, in association with Joint Council - Nanma film society, Beam film society, Kerala Chalachithra Academy, K.S.F.D.C, AFSoK and other organisations, conducts a distinctive film fest in May based on the " CRAFT OF FILMMAKING " in the context of horror and suspense.**

**Alfred Hitchcock's films have influenced generations of filmmakers, including Martin Scorsese, Steven Spielberg, and others .**

**His films continue to captivate audiences, offering a unique blend of suspense, horror, and thrills that remain timeless.**

**Hitchcock's mastery of the cinematic techniques to create suspense and horror continue to be celebrated and studied by audiences and filmmakers alike.**

**Alfred Hitchcock's iconic films are a brilliant showcase of his exceptional ability to craft a prolonged cinematic experience of suspense, horror, and thrills. Hitchcock expertly builds tension through clever editing, camera angles, lighting and music, keeping viewers on the edge of their seats.**

Hitchcock's films often delve into the darker aspects of human nature, revealing its complexities and flaws. He takes everyday situations and reveals their sinister side, making the familiar feel unsettling and frightening. Hitchcock was a master of visual storytelling and composition to convey mood and atmosphere.

He experimented with innovative techniques, such as the "Vertigo shot," to create a unique visual style that zooms in on the experience of suspense and tension. Psycho is a classic horror film that explores themes of identity, trauma, and the darker aspects of human nature. Vertigo is a masterful, psychological thriller that delves into the complexities of obsession, identity, and the human psyche. Rear Window offers an exploration into the themes of voyeurism, surveillance, and the blurred lines between reality and fantasy.

**Hitchcock often uses MacGuffins or metaphors as plot devices that motivate the characters and advance the story, to create suspense and drive the narrative forward. The MacGuffin is a term coined by Hitchcock to describe a plot device that motivates the characters and advances the story, but is apparently inconsequential to the overall narrative. The MacGuffin could be an object, goal, or desire that drives the plot forward and motivates the characters' actions. The MacGuffin in itself is often unimportant or interchangeable, and its sole significance lies in its ability to drive the plot and create tension.**



The MacGuffin serves a purpose in the story, such as creating conflict, driving character development, or advancing the plot while keeping the audience engaged. Even a briefcase is a MacGuffin that drives the plot forward, but its contents are never revealed. A Ring is a MacGuffin that motivates the characters' actions, but its significance lies in its power and the conflict it creates. It can motivate characters' actions, revealing their desires, fears, and motivations. It can advance the plot, creating conflicts and challenges for the characters to overcome. MacGuffins are a powerful tool in storytelling, allowing writers to create engaging plots and characters while focusing on the themes and emotions that drive the narrative.

Hitchcock used montage editing to create a sense of chaos and disorder. Quick cuts were used to build tension and create suspense. Long takes were used to make an ambience of realism and to emphasise characters' emotions. He used unconventional camera angles and composition to create tension and unease. High contrast between light and dark added to the dramatic effect of his visuals.

Hitchcock's aesthetic aspects have become an integral part of film history, and his influence can still be seen in many modern films. ●



# ഹിച്ച്കോക്ക് സിനിമകളുടെ സൗന്ദര്യാത്മകത

പാർവ്വതി ചന്ദ്രൻ
(ഫിൽക്ക )



എക്കാലത്തെയും മികച്ച സിനിമകളുടെ പ്രേക്ഷക നിരൂപക വോട്ടെടുപ്പുകളിൽ വർഷ ങ്ങളോളം ആൽഫ്രഡ് ഹിച്ച് കോക്കിനെ ഒരു ജനപ്രിയ എന്റർടെയ്നർ മാത്രമായി തള്ളിക്കളഞ്ഞ ഒരുകാലമുണ്ടായിരുന്നു . ഫ്രഞ്ച് ന്യൂ വേവ് വക്താക്കളിൽ ഫ്രാൻസ്വ ത്രൂഫോ ഉൾപ്പെടെയുള്ള ഒരു കൂട്ടം ഫ്രഞ്ച് നിരൂപകർ (പിന്നീട് ചലച്ചിത്ര സംവിധായകർ ) സാഹിത്യത്തിലും കലയിലും ഒരു എഴുത്തുകാരനോ ചിത്രകാരനോ മൗലികത കല്പിക്കുന്നത് പോലെ തന്നെ , ഒരു സിനിമയുടെ സംവിധായകനെയും അതിന്റെ സൃഷ്ടാവായി അംഗീകരിക്കുന്ന ഒരു സിദ്ധാന്തം വികസിപ്പിച്ചെടുത്തപ്പോഴാണ് ഹിച്ച്കോക്കിന്റെ പ്രശസ്തി പുനർനിർണയിക്കാൻ തുടങ്ങിയത്.

ഒരു സിനിമ പ്രമേയപരമായി ജനപ്രിയമായതുകൊണ്ട് അതിനെ പാടെ തള്ളിക്കളയാതെ അതിന്റെ തനതായ,ശില്പപരമായ , കലാപരമായ,മൗലികമായ യോഗ്യതയ്ക്ക് വില കല്പിച്ചു . അങ്ങനെ ജനപ്രിയ വിനോദ മേഖലയിലെ പ്രതിഭാശാലികളായ പല സംവിധായകരെയും അംഗീകരിക്കാൻ ഓഥർ തിയറി വഴിയൊരുക്കി.

ഒരു ബ്രിട്ടീഷ്-അമേരിക്കൻ ചലച്ചിത്ര സംവിധായകനായ ആൽഫ്രഡ് ഹിച്ച് കോക്ക് , സസ്പെൻസിന്റെയും മിസ്റ്ററിയുടെയും ത്രില്ലറിന്റെയും അവതരണ മികവിൽ ഒരു ഫിലിം മാസ്റ്റർ എന്ന നിലയിൽ പ്രശസ്തനാണ്. അദ്ദേഹത്തിന്റെ പ്രമേയങ്ങൾ വിശകലനപരവും വിവരണാത്മകവുമായ രീതികളിലൂടെ, സസ്പെൻസും ത്രില്ലറും ഹൊററും മനഃശാസ്ത്രപരമായി അവതരിപ്പിക്കുന്നു . രൂപകങ്ങൾ , വെളിച്ചം,നിഴൽ, ഘടന, ചലനങ്ങൾ, താളം തുടങ്ങിയ ചലച്ചിത്ര ഘടകങ്ങൾ ഉപയോഗിച്ച്, സിനിമയുടെ ലോകം സൃഷ്ടിച്ചുകൊണ്ട്, ഹിച്ച്കോക്ക് തന്റെ പ്രേക്ഷകരുടെ മനസ്സിൽ ഇടം പിടിക്കുന്നു. മനഃശാസ്ത്രപരമായ ഉത്തേജനത്തിന് അനുയോജ്യ



മായ രീതി അദ്ദേഹം സിനിമയിൽ സ്വീകരിച്ചു. ഹിച്ച്കോക്കിന്റെ സിനിമ കളിലെ ആരോഹണ - അവരോഹണ പിരമിഡ് ഘടന, ഉത്തേജനത്തിനും ഉദ്വേഗത്തിനും വഴിയൊരുക്കുന്നു .സൂക്ഷ്മമായ മന:ശ്ശാസ്ത്രത്തിന്റെ അടിത്തറയിലാണ് ഹിച്ച്കോക്ക് തന്റെ പ്രേക്ഷകരിൽ ആകാംക്ഷ സൃഷ്ടിക്കുന്നത്. പ്രകോപനവും ഉത്കണ്ഠയും ശ്രദ്ധയും ഏകാഗ്രതയും ഉണ്ടാക്കുന്നു. അങ്ങനെ ഹിച്ച്കോക്ക് മനുഷ്യമനസ്സിൽ ആധിപത്യം സ്ഥാപിക്കുകയും സസ്പെൻസ് - ഹൊററർ -ത്രില്ലർ ഭാവങ്ങൾ ഉയർത്തുകയും ചെയ്യുന്നു.സൈക്കോ, സ്ട്രേഞ്ചേഴ്സ് ഓൺ എ ട്രെയിൻ തുടങ്ങിയ പ്രേക്ഷകരുടെ മനസ്സിൽ സ്വാധീനം ചെലുത്തിയ നിരവധി ക്ലാസിക് സിനിമ കളിലൂടെ ഹിച്ച്കോക്ക് ത്രില്ലർ വിഭാഗത്തിൽ വിപ്ലവം സൃഷ്ടിച്ചു. സ്ക്രീനിൽ പിരിമുറുക്കം വർദ്ധിപ്പിക്കു ന്നതിൽ വിദഗ്ദ്ധനായ അദ്ദേഹം, സസ്പെൻസിന്റെ താക്കോൽ കൊണ്ട് കാഴ്ചക്കാരെ ഞെട്ടിച്ചു . മാത്രമല്ല, അവരുടെ ധാരണകളെയും വികാര ങ്ങളെയും സൂക്ഷ്മമായി കൈകാര്യം ചെയ്തു. ഇത് പ്രേക്ഷകനും കഥാപാത്രവും കൂടിച്ചേരുന്ന ഒരു മനഃശാസ്ത്ര അവസ്ഥ യാണ്. അതിലെ നിഗൂഢതയും അപകടവും ജീവഭയവും ആശ്വാസവും എങ്ങനെ മനുഷ്യമനസ്സിൽ സൃഷ്ടിക്കാമെന്ന് ഹിച്ച്കോക്ക് പ്രയോഗം കാണിച്ചുതരുന്നു

തന്റെ സിനിമാ രംഗങ്ങളിൽ, ഏത് നിമിഷവും ഭയാനകമായ എന്തെങ്കിലും സംഭവിക്കാമെന്ന പ്രേക്ഷകരുടെ ഉത്കണ്ഠയെ അദ്ദേഹം പ്രേക്ഷകനിൽ പതുക്കെ വർദ്ധിപ്പിക്കുന്നു. പ്രശ്നം പരിഹരിക്കുമ്പോൾ സിനിമാപ്രേമികൾ തീവ്രമായ ആശ്വാസത്തിലെത്തുന്നു . സസ്പെൻസ് സൃഷ്ടിക്കണമെങ്കിൽ, അത് പ്രേക്ഷകരുടെ അപകട പ്രതീക്ഷയിൽ



വേരൂന്നിയതായിരിക്കണമെന്ന് ഹിച്ച്കോക്കിന് അറിയാമായിരുന്നു. സിനിമയിലെ കഥാപാത്രങ്ങൾ അപകടത്തെ കുറിച്ച് അജ്ഞാതരാണെന്ന് കൂടി കാഴ്ചക്കാർ അറിയണം. അതു വഴി പ്രേക്ഷകർ എന്ത് സംഭവിക്കുമെന്ന് മുൻകൂട്ടി ചിന്തിക്കാനും ഫലത്തെക്കുറി ച്ച് ആശങ്കപ്പെടാനും തുടങ്ങും . ഒരുപക്ഷെ പ്രേക്ഷകമനസ്സ് സുതാര്യമായ നിമിഷങ്ങളിലൂടെ കടന്നുപോകുമ്പോൾ അപ്രതീക്ഷിത ആഘാതങ്ങൾ കൂടി അവതരിപ്പിക്കുന്നു . മിക്കവാറും ലോകമാകെ ഹിച്ച്കോക്ക് സിനിമകൾ ആദ്യമായി കാണുന്നവർ ഭീതിയുടെയും ഞെട്ടലിന്റെയും നിമിഷങ്ങൾ അനുഭവിച്ചവരാണ് .1963-ൽ പുറത്തിറങ്ങിയ ദി ബേർഡ്സിൽ, വിചിത്രവും വിശദീകരിക്കാനാവാത്തതുമായ ആക്രമണങ്ങൾ കാണാം ഠ. പക്ഷികൾ പെട്ടെന്ന് ആളുകൾക്ക് നേരെ നടത്താൻ തുടങ്ങുന്ന ഭയാനക അന്തരീക്ഷത്തിൽ ഒരു കളിസ്ഥലത്ത് , സ്കൂൾ കുട്ടികളുടെ പാട്ടിന്റെ ശബ്ദത്തിൽ , കാക്കകൾ പറന്നിറങ്ങുന്നു . അവിടെ മെലാനിയുടെ മുഖത്തിന്റെ ഓരോ ഷോട്ടും അവൾക്ക് മുന്നിൽ വർദ്ധിച്ചുവരുന്ന അപകടത്തെ കുറിച്ചുള്ള അവളുടെ അജ്ഞത മനസിലാക്കുന്ന പ്രേക്ഷകരിലാണ് ഭീതി വളർത്തുന്നത് .

ഹിച്ച്കോക്ക് ഈ പ്രേക്ഷക അനുഭവ ത്തെ താൽക്കാലിക വേദനയുടെ സംതൃപ്തി എന്ന് വിളിച്ചു. പിരിമുറുക്കത്തിൽ നിന്ന് ഒരുതരം മോചനം നൽകുന്നതിലൂടെ, ആളുകൾ ഒരു സസ്പെൻസ് സിനിമയുടെ വേദനകൾ സഹിക്കും എന്നാണ് ഹിച്ച്കോക്ക് പറയുന്നത് .

ഒരു ആൺകുട്ടി ഒരു പാഴ്സൽ എത്തിക്കാൻ ലനിലുടനീളം സഞ്ചരിക്കുന്നു . എന്നാൽ അതിൽ ഒരു ടൈമർ ഉപയോഗിച്ചുള്ള ഒരു ബോംബ് ഉണ്ടെന്ന് അവൻ അറിയുന്നില്ല. പ്രേക്ഷകർക്ക് ഇതിനകം തന്നെ ബോംബ് കാണിച്ചുകഴിഞ്ഞു. ഇത് വരാനിരിക്കുന്ന ഒരു ദുരന്തത്തെക്കുറിച്ചുള്ള അവരുടെ പ്രതീക്ഷ വർദ്ധിപ്പിക്കുന്നു. തുടർന്ന് ആ സീക്വൻസ് ആൺകുട്ടിയുടെയും ബോംബ് പാക്കേജിന്റെയും അവൻ



കടന്നുപോകുന്ന വഴിയിലെ ക്ലോക്കുകളുടെയും ഷോട്ടുകളിലൂടെ സമയം തീരുന്നുവെന്നും ബോംബ് ഉടനെ പൊട്ടിത്തെറിക്കുമെന്നും പ്രേക്ഷകൻ കണക്ക്കൂട്ടുകയും വീർപ്പ്മുട്ടുകയും ചെയ്യുന്നു .

1954-ലെ റിയർ വിൻഡോയിലെ ഒരു നിർണായക രംഗത്തിൽ, കൊല്ലപ്പെട്ട മിസ്സിസ് തോർവാൾഡിന്റെ മോതിരം കണ്ടെത്തിയതായി ലിസ തന്റെ കൈകൾ കൊണ്ട് എതിർ അപ്പാർട്ട്മെന്റിൽ നിന്ന് വീക്ഷിക്കുന്ന ജെഫ്രീസിന് സൂചന നൽകുന്നതായി ക്യാമറ സൂം ഇൻ ചെയ്യുന്നു. കൊലപാതകിയായ തോർവാൾഡിന്റെ മുഖത്തിന്റെ ക്ലോസപ്പിലേക്ക് ക്യാമറ പാൻ ചെയ്യുന്നു. ലിസ സിഗ്നൽ നൽകുന്നത് അയാൾ ശ്രദ്ധിക്കുന്നു. തുടർന്ന് അവൾ ആർക്കാണ് സിഗ്നൽ



നൽകുന്നതെന്ന് കാണാൻ അയാൾ തലയുയർത്തി നോക്കുമ്പോൾ ജെഫ്രീസ് കാണുന്നുണ്ടെന്ന് പെട്ടെന്ന് അയാൾ മനസ്സിലാക്കുന്നു. അതോടെ ഒരു സംഭാഷണവുമില്ലാതെ, ലിസയും ജെഫ്രീസും അപകടത്തിലാണെന്ന് പ്രേക്ഷകർ മനസിലാക്കുന്നു. ആ നിമിഷങ്ങളിൽ സസ്പെൻസ്, ഭീതി എന്നിവ സൃഷ്ടിക്കപ്പെടുന്നു .

പലപ്പോഴും, കഥയിലേക്ക് പ്രേക്ഷകരെ അടുപ്പിക്കാൻ ഹിച്ച്കോക്ക് പോയിന്റ് -ഓഫ്-വ്യൂ ഷോട്ടുകൾ ഉപയോഗിക്കുന്നു . അത് പ്രധാന കഥാപാത്രത്തിന്റെ ദുരവസ്ഥയെക്കുറിച്ച് പ്രേക്ഷകരെ അനുകമ്പയുള്ളവരാക്കുന്നു . 1958-ലെ അദ്ദേഹത്തിന്റെ ഒബ്സസീവ് ത്രില്ലറായ വെർട്ടിഗോയിൽ ഹിച്ച്കോക്ക് ഡോളി സൂം ഉപയോഗിച്ചു .ക്യാമറ പിന്നിലേക്ക് വലിക്കുമ്പോൾ തന്നെ സൂം ഇൻ ചെയ്യുന്ന ഒരു ദിശാബോധമില്ലാത്ത സാങ്കേതികത . അതിലെ നായകന് ഉയരത്തിൽ തലകറക്കം അനുഭവപ്പെടുന്ന അതേ സമയം തന്നെ കാഴ്ചക്കാർക്ക് ഭയം, ഞെട്ടൽ, ആശയക്കുഴപ്പം എന്നിവ അനുഭവിക്കാൻ തുടങ്ങുന്നു. കഥാപാത്രവും പ്രേക്ഷകനും തമ്മിൽ ഒരു വൈകാരിക ബന്ധം സൃഷ്ടിക്കുന്നു. പ്രേക്ഷകരെ ആകാംക്ഷയോടെ നില നിർത്തുന്ന സസ്പെൻസ് കഥകൾ ഹിച്ച് കോക്ക് വിദഗ്ദ്ധമായിട്ടാണ് തയ്യാറാക്കുന്നത് . അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ നിഗൂഢ സ്വഭാവങ്ങൾ ഉള്ളവയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതുമാണ്. സൈക്കോയിലെ ഷവർ രംഗം പോലുള്ള ഐക്കണിക് ഇമേജുകൾ അദ്ദേഹത്തിന്റെ സിനിമകളിൽ കാണാം. അവ ഭയം, അത്യാഗ്രഹം, ഉദ്വേഗം , നിഗൂഢത, ക്രൂരത എന്നിവയുൾപ്പെടെയുള്ള മനുഷ്യപ്രകൃതിയെ അവതരിപ്പിക്കുന്നു .തന്റെ കഥകൾക്ക് ആഴവും സങ്കീർണ്ണതയും ചേർക്കാൻ അദ്ദേഹം പ്രതീകാ ത്മകതയും രൂപകങ്ങളും ഉപയോഗിക്കുന്നു. പിരിമുറുക്കത്തിന്റെയും സസ്പെൻസിന്റെയും അവസരം സൃഷ്ടിക്കുന്നതിലൂടെ, ഹിച്ച്കോക്ക് പ്രേക്ഷക വികാരങ്ങളെ സമർത്ഥമായി കൈകാര്യം ചെയ്യുന്നു.

ഹിച്ച്കോക്ക് സിനിമകളുടെ സൗന്ദര്യത്തിന്റെ ഉറവിടം, ഒരു കലാസൃഷ്ടി എന്ന നിലയിൽ അവയുടെ സങ്കേതം , കഥപറച്ചിൽ രീതി, ദൃശ്യ വൈദഗ്ദ്ധ്യം, സ്വാധീനം, വൈകാരിക അനുരണനം എന്നിവയിലാണ്. ●

May Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

ALFRED HITCHCOCK FILM FESTIVAL

KSFDC



# ആൽഫ്രഡ് ഹിച്ച്കോക്ക്: സിനിമയുടെ ഭാഷയും മനസിന്റെ ഇരുൾവശവും



നിമിഷ ഹെലൻ
(ഫിൽക്ക)



## ഹിച്ച് കോച്ച് : ത്രില്ലറിന്റെ അധിപതി

സസ്പെൻസ് സിനിമയുടെ ഗുരു എന്നു വിശേഷിപ്പിക്കപ്പെടുന്നതിനു ആറ് പതിറ്റാണ്ടിന്റെ സിനിമാ ചരിത്ര പൈതൃകമുണ്ട് സർ ആൽഫ്രഡ് ജോസഫ് ഹിച്ച് കോക്ക് എന്ന ഇംഗ്ലീഷ് ചലച്ചിത്ര സംവിധായകന്. സിനിമയുടെ ആദ്യ ദശാബ്ദങ്ങൾ മുതൽ തന്നെ അദ്ദേഹം സംവിധായകനായും നിർമ്മാതാവുമായി ബ്രിട്ടീഷ് - അമേരിക്കൻ സിനിമാ രംഗത്തെ ശ്രദ്ധേയ വ്യക്തി ആയിരുന്നു.

ഭീതിയുടെ ദൃശ്യാനുഭൂതി പകർന്ന 12 - ഓളം നിശബ്ദചിത്രങ്ങളും 47-ഓളം ശബ്ദ ചിത്രങ്ങളും 1922 മുതൽ 1976 വരെയുള്ള കാലഘട്ടത്തിൽ സംവിധാനം ചെയ്തിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിലെ മികച്ച ത്രില്ലർ ചിത്രങ്ങളിൽ ഇടം പിടിച്ച ലേഡി വാനിഷസ്, 39 സ്റ്റെപ്സ് എന്നിവ ഹിച്ച് കോക്കിന്റേതാണ്. അദ്ദേഹത്തിന്റെ ആദ്യ വിജയ ചിത്രം ദി ലോഡ്ജർ: എ സ്റ്റോറി ഓഫ് ദി ലൻ ഫോഗ് (1927 ) ആണ് ത്രില്ലർ ചലച്ചിത്ര വിഭാഗത്തെ രൂപപ്പെടുത്തുന്നതിനു ഹേതുവായത്. അദ്ദേഹത്തിന്റെ തന്നെ 1929 ൽ പുറത്തിറങ്ങിയ ബ്ലാക്ക് മെയിൽ എന്ന ചിത്രം ആദ്യത്തെ ബ്രിട്ടീഷ് ടോക്കി ആയിരുന്നു.അദ്ദേഹത്തിന്റെ സിനിമകൾക്ക് 46 അക്കാദമി അവാർഡ് നാമനിർദ്ദേശങ്ങൾ ലഭിച്ചു, എങ്കിലും അദ്ദേഹം ഒരിക്കലും അവാർഡ് നേടിയില്ല.

2012 - ൽ നൂറുകണക്കിന് ചലച്ചിത്രനിരൂപകരുടെ ലോകവ്യാപകമായ വോട്ടെടുപ്പിനെ അടിസ്ഥാനമാക്കി ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ അതു വരെ നിർമ്മിക്കപ്പെട്ടതിൽ ഏറ്റവും മികച്ച സിനിമയായി ഹിച്ച് കോക്ക് സംവിധാനം ചെയ്ത വെർട്ടിഗോയെ തിരഞ്ഞെടുത്തത് അദ്ദേഹത്തിന്റെ പ്രതിഭയ്ക്കുള്ള ആദരമായിരുന്നു.



## ഹിച്ച് കോക്കിയൻ ശൈലി.

1925 മുതലുള്ള ആദ്യകാലങ്ങളിൽ ഹിച്ച് കോക്ക് സംവിധാനം ചെയ്ത സിനിമകളിൽ കൂടുതലും കുറ്റകൃത്യ - സസ്പെൻസ് + ത്രില്ലറുകൾ ആയിരുന്നു. ഭയാനകത സൃഷ്ടിക്കുന്നതിനു ശബ്ദത്തേക്കാൾ കൂടുതൽ ദൃശ്യവത്കരണ ത്തിലൂടെയുള്ള കഥാഖ്യാനത്തിനു പ്രാധാന്യം നൽകുന്ന രീതിയെ ശുദ്ധ സിനിമ എന്ന് ഹിച്ച് കോച്ച് വിശേഷിപ്പിച്ചു.

ദൃശ്യങ്ങളിലൂടെ പ്രേക്ഷകരെ അത്ഭുത പ്പെടുത്തുകയോ ഞെട്ടിക്കുകയോ ചെയ്യുന്നതിനായി പേടി സ്വപ്നങ്ങളെ സൃഷ്ടിക്കുന്നു. അതിലൂടെ മികച്ച സസ്പെൻസ് ത്രില്ലറുകൾ പരീക്ഷിക്കുന്നു. Master of suspenseഎന്നു അദ്ദേഹത്തെ വിശേഷിപ്പിക്കുന്നതിന്റെ യുക്തി അദ്ദേഹത്തിന്റെ ഇത്തരം തന്ത്രപരമായ ആഖ്യാനങ്ങളാണ്.ദി ഷാഡോ ഓഫ് ഡൌട്ട് എന്ന സിനിമ യിലെ പരോക്ഷ മായ ആഖ്യാനം, ദ്വന്ദ്വ സവിശേഷതകൾ അവതരിപ്പിക്കുന്ന രീതിയിലൂടെയാണ്. അദ്ദേഹത്തിന്റെ തനത് ശൈലിയെ ഹിച്ച് കോക്കിയൻ ശൈലി എന്നു വിശേഷി പ്പിക്കാറുണ്ട്.

ക്യാമറയുടെ ചലനങ്ങൾക്കും എഡിറ്റിങ്ങി നും അനുസരിച്ചു അഭിനേതാവിന്റെ മുഖഭാവങ്ങൾക്ക് പ്രാധാന്യം നൽകുന്നു . അതിലൂടെ ഉത്കണ്ഠക്കും ഭയത്തിനും പരമാവധി പ്രാധാന്യം നൽകി ദൃശ്യത്തെ ഫ്രെയിം ചെയ്യുന്നു.

ഹിച്ച് കോക്കിന്റെ ആദ്യകാല സിനിമകളായ ദി പ്ലഷർ ഗാർഡൻ, ഈഗിൾ എന്നീ സിനിമക ളിൽ എക്സ്പ്രഷനിസം എന്ന സങ്കേതമാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. അദ്ദേഹം തന്റെ ഭൂരിഭാഗം സിനിമകളിലും പ്രേക്ഷകരെ പിടിച്ചിരുത്തുന്ന നെഗറ്റീവ് പ്രതി നായക കഥാപാത്രങ്ങളെ ആവിഷ്കരിക്കുന്ന രീതിയും സ്വീകരിച്ചു. റിയർ വിൻഡോ, സൈക്കോ എന്നിവ ഇത്തര ത്തിൽപ്പെട്ട വയാണ്.



## ഭീതിയുടെ ദൃശ്യാനുഭൂതി

1960 – ൽ പുറത്തിറങ്ങിയ സൈക്കോ എന്ന സിനിമ മാനസിക വിഹ്വലതകളും കൊലപാതകവും പ്രമേയമാക്കിയ ഹൊറർ ചിത്രമാണ്. സൈക്കോളജിക്കൽ ടോർച്ചർ വിഭാഗത്തിൽ ഉൾപ്പെടുന്ന ഈ സിനിമയിലെ ഷവർ സീൻ സിനിമാ ചരിത്രത്തിലെ ഏറ്റവും ഭീതിജനകമായ രംഗമാണ്.1958– ൽ പുറത്തിറങ്ങിയ വെർട്ടിഗോയും സമാനമായി മനോവൈകല്യത്തെയും ഭ്രാന്തിനെയും ഭീകരമായി അവതരിപ്പിക്കുന്നു. നിറങ്ങളെയും ക്യാമറ ആങ്കിളിനെയും അസാധാര ണമായി ഉപയോഗപ്പെടുത്തുന്ന രീതിയും ഇതിലുപയോഗിക്കുന്നു.

പ്രകൃതിയുടെ പ്രതികാരത്തിന്റെ കഥ പറയു ന്ന 1963 – ലെ ദ ബേർഡ്സ് എന്ന എന്ന സിനിമയിൽ, ശബ്ദം ഇല്ലാതെ തന്നെ ഭയപ്പെടുത്തുന്ന രംഗങ്ങളി ലൂടെ ഭീകരത സൃഷ്ടിക്കുന്നു. സ്ട്രെഞ്ചേർസ് ഓൺ എ ട്രെയിൻ എന്ന സിനിമ കൊലപാതകികളുടെ ഇരു മനസ്സിലെ വ്യാപാരങ്ങളെ അന്വേഷിക്കുന്നു. മറ്റൊരു കൊലപാതക ചിത്രമായ ഡയൽ എം ഫോർ മർഡർ എന്ന ചിത്രം ഭാര്യയെ കൊലപ്പെടുത്താനുള്ള ഭർത്താവിന്റെ പദ്ധതികളാണ്. ഇവിടെയും മനുഷ്യ മനസ്സിന്റെ ഇരു വശങ്ങളെ അനാവരണം ചെയ്യുന്ന വിശകലനമാണ് ഹിച്ച് കോച്ച് നടത്തുന്നത്.

അദ്ദേഹത്തിന്റെ അവസാന കാലത്തെ ചിത്രമായ ഫ്രൻസി (1972) , അജ്ഞാതനായ സീരിയൽ കില്ലറിന്റെയും, ക്രൂര നായകനെ തേടുന്ന ലൻ നഗരത്തിന്റെയും കഥയാണ്.

ഹിച്ച്കോക്കിന്റെ ചിത്രങ്ങളായ റോപ്പ് (1948), സ്ട്രേഞ്ചേഴ്സ് ഓൺ എ ട്രെയിൻ (1951), ഡയൽ എം ഫോർ മർഡർ (1954), ടു ക്യാച്ച് എ തീഫ് (1955), ദി ട്രബിൾ വിത്ത് ഹാരി (1955), വെർട്ടിഗോ (1958), നോർത്ത് ബൈ നോർത്ത്വെസ്റ്റ് (1959), ദി ബേർഡ്സ് (1963), മാർണി (1964), ഫ്രെൻസി (1972) തുടങ്ങിയവ സാമ്പത്തികമായി വിജയിച്ച മറ്റു സിനിമകളാണ്.



# സൈക്കോ (1960)



വിനോദ്കുമാർ. പി
(ഫിൽക്ക)




'Master of suspense' എന്നറിയപ്പെടുന്ന വിഖ്യാത ചലച്ചിത്രകാരൻ ആൽഫ്രഡ് ഹിച്ച്കോക്ക് സംവിധാനം ചെയ്ത് 1960-ൽ പുറത്തിറങ്ങിയ ഒരു അമേരിക്കൻ ത്രില്ലർ ചിത്രമാണ് സൈക്കോ. 1959-ൽ റോബർട്ട് ബ്ലോച്ചിന്റെ ഇതേ പേരിലുള്ള നോവലിനെ അടിസ്ഥാനമാക്കി ജോസഫ് സ്റ്റെഫാനോ ആണ് തിരക്കഥ എഴുതിയത്. ആന്റണി പെർകിൻസ്, ജാനറ്റ് ലീ, വെരാ മൈൽസ്, ജോൺ ഗാവിൻ, മാർട്ടിൻ ബാൽസം എന്നിവരാണ് ഈ ചിത്രത്തിലെ പ്രധാന അഭിനേതാക്കൾ.

ഫീനിക്സിൽ ഒരു സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരിയായ മരിയോൺ ക്രെയിൻ തന്റെ കാമുകൻ സാം ലൂമിസിനൊപ്പം നല്ലൊരു ഭാവി സ്വപ്നം കാണുന്നു. ഒരു നാൾ തൊഴിലുടമ ബാങ്കിൽ അടയ്ക്കാൻ അടയ്ക്കാൻ ഏൽപ്പിച്ച 40,000 ഡോളർ മോഷ്ടിച്ചുകൊണ്ടു മരിയോൺ കാലിഫോർണിയയിലെ സാമിന്റെ വീട്ടിലേക്കു കാറിൽ പോകുന്നു. രാത്രിയിലെ കനത്ത മഴയെത്തുടർന്ന് മരിയോൺ ബേറ്റ്സ് മോട്ടൽ എന്ന ഹോട്ടലിൽ മുറി എടുക്കുന്നു. ഹോട്ടലിന്റെയും തൊട്ടടുത്ത ബംഗ്ലാവിന്റെയും ഉടമയായ നോർമൻ ബേറ്റ്സ് മരിയോണോയെ തന്നോടൊപ്പം അത്താഴത്തിന് ക്ഷണിക്കുന്നു.

അയാളും അയാളുടെ അമ്മയും മാത്രമേ ആ ബംഗ്ലാവിൽ താമസമുള്ളൂ എന്നും തന്നോടൊപ്പം അയാൾ ഭക്ഷണം കഴിക്കുന്നതിൽ അയാളുടെ അമ്മയ്ക്ക് വിരോധം ഉണ്ടെന്നും മരിയോൺ മനസിലാക്കുന്നു. അമ്മ മാനസികരോഗിയാണെന്ന് നോർമൻ അവളോട് പറയുന്നു. ഭക്ഷണത്തിനു ശേഷം റൂമിലെത്തി അവൾ കുളിക്കുമ്പോൾ, ഒരു നിഴൽ രൂപം കുളിമുറിയിൽ കയറി അവളെ കുത്തിക്കൊല്ലുന്നു.

അധികം വൈകാതെ റൂമിലെത്തുന്ന നോർമൻ അവളുടെ മൃതദേഹം കണ്ടെത്തുന്നു. പരിഭ്രാന്തനായ അയാൾ തിടുക്കത്തിൽ കൊലപാതക സ്ഥലം വൃത്തിയാക്കുന്നു. തുടർന്ന് അയാൾ അവളുടെ മൃതദേഹം, അവളുടെ സാധനങ്ങൾ, ഒളിപ്പിച്ചുവെച്ച പണം എന്നിവ അവളുടെ കാറിൽ വയ്ക്കുന്നു. തുടർന്ന് വാഹനം ഒരു ചതുപ്പിൽ മുക്കുന്നു.മരിയോണിന്റെ സഹോദരി ലൈല അവളെ അന്വേഷിച്ച്



സാമിന്റെ അടുത്തെത്തുന്നു. മരിയോണിന്റെ തിരോധാനത്തെക്കുറിച്ച് ഒന്നും അറിയില്ലെന്ന് അയാൾ അറിയിക്കുന്നു.

ഈ സമയം അർബോഗാസ്റ്റ് എന്ന സ്വകാര്യ അന്വേഷകൻ അവരെ സമീപിച്ച് അയാളെ മരിയോണിന്റെ തൊഴിൽ ഉടമ നഷ്ടപ്പെട്ട പണം വീണ്ടെടുക്കാൻ തന്നെ നിയോഗിച്ചതാണെന്നു പറയുന്നു. അർബോ ഗാസ്റ്റ് ബേറ്റ്സ് മോട്ടലിൽ പോയി നോർമനെ ചോദ്യം ചെയ്യുന്നു. മാരിയോൺ രാത്രി അവിടെ ചിലവഴിച്ചതായും രാവിലെ തിരികെ പോയതായും നോർമൻ അയാളോട് പറയുന്നു.

നോർമന്റെ പരിഭ്രാന്തമായ പെരുമാറ്റം, ഇടർച്ച, പൊരുത്തമില്ലാത്ത ഉത്തരങ്ങൾ, ബംഗ്ലാവിലുള്ള അയാളുടെ അമ്മയുടെ നിഴൽരൂപം ഇവയെല്ലാം അർബോഗാസ്റ്റിൽ ഒരു ദുരൂഹത ഉണ്ടാക്കുന്നു. അയാളുടെ അമ്മയോട് സംസാരിക്കാൻ അർബോഗാസ്റ്റ് ആവശ്യപ്പെടുന്നുവെങ്കിലും നോർമൻ അത് അനുവദിക്കുന്നില്ല. തുടർന്ന് രഹസ്യമായി നോർമന്റെ അമ്മയെ അന്വേഷിക്കാൻ അർബോഗാസ്റ്റ് അയാളുടെ വീട്ടിലേക്ക് പ്രവേശിക്കുമ്പോൾ, ഒരു നിഴൽ രൂപം പടിക്കെട്ടിന്റെ മുകളിൽ വെച്ച് അയാളെ ആക്രമിച്ച് കുത്തിക്കൊല്ലുന്നു.അർബോഗാസ്റ്റിന്റ തിരോധനത്തെ തുടർന്ന് സാമും ലൈലയും പോലീസിൽ വിവരം അറിയിക്കുന്നു. അവിടത്തെ പ്രാദേശിക ഷെരീഫ് അൽ ചേംബേഴ്സ് നോർമനെ പരിചയമുണ്ടെന്നും നോർമന്റെ അമ്മ ഒരു പതിറ്റാണ്ട് മുമ്പ് മരണപ്പെട്ടതാണെന്നും അവരെ അറിയിക്കുന്നു.

അർബോഗാസ്റ്റിന് അസാധാരണമായ എന്തോ സംഭവിച്ചുവെന്ന് ബോധ്യപ്പെട്ട ലൈലയും സാമും നോർമന്റെ ഹോട്ടലിൽ മുറി എടുക്കുന്നു. മാരിയോൺ താമസിച്ച ഒന്നാം നമ്പർ മുറി അവർ പരിശോധിക്കുന്നു. ആ മുറിയിൽ വച്ച് മാരിയോണ് എന്തോ അപകടം സംഭവിച്ചുവെന്നും അയാളുടെ അമ്മയ്ക്ക് അതേ കുറിച്ച് എന്തെങ്കിലും അറിയാമെന്നും അവർ ധരിക്കുന്നു. എന്നാൽ നോർമൻ അമ്മയെ കാണാനുള്ള അനുവാദത്തിന് സാധ്യത ഇല്ലാത്തതിനാൽ അവർ മറ്റൊരു പദ്ധതി പ്ലാൻ ചെയ്യുന്നു.

അതനുസരിച്ചു സാം നോർമനോട് സംസാരിക്കുന്ന സമയത്ത് ലൈല ബംഗ്ലാവിലേക്കു പോകുന്നു.അയാളുടെ അമ്മയെ തിരയുന്നു.

എന്നാൽ കുറച്ചു നേരത്തെ സംഭാഷണ ത്തിനു ശേഷം സംശയം തോന്നിയ നോർമൻ ലൈല എവിടെ എന്ന് സാമിനോട് ചോദിച്ചു കൊണ്ടു പുറത്തിറങ്ങുന്നു. തടയാൻ ശ്രമിച്ച സാമിനെ ബോധരഹിത നാക്കി കൊണ്ടു അയാൾ ബംഗ്ലാവിലേക്കു കുതിക്കുന്നു.ഇതിനിടെ ലൈല മുകളിലെ മുറിയിൽ നിന്നും താഴേക്കിറങ്ങുകയായി രുന്നു. കിളിവാതിലിലൂടെ നോർമൻ ഓടി വരുന്നത് അവൾ കണ്ടു. അപകടം മണത്തറിഞ്ഞ അവൾ പെട്ടെന്ന് പടവുകൾക്ക് പിറകിലെ മറവിലൊളിച്ചതും കതക് ചവിട്ടിത്തുറന്ന് നോർമൻ അകത്തു



കടന്നതും ഒരുമിച്ചായിരുന്നു. അയാൾ മുകളിലേക്കോടി കയറി. പെട്ടെന്നു പടവുകൾക്ക് പുറകിലെ ഒരു മുറി ലൈലയുടെ കണ്ണിലു ടക്കി. അവൾ അത് തുറന്നു അകത്തു കയറി. ഒരു രഹസ്യ നിലവറയെ അനുസ്മരിപ്പി ക്കുന്ന മുറിയായിരുന്നു അത്. അതിനകത്ത് മറ്റൊരു വാതിൽ. ലൈല അത് തുറന്നു. പെട്ടെന്ന് അകത്ത് ഒരു സ്ത്രീരൂപം പുറം തിരിഞ്ഞിരിക്കുന്നത് അവൾ കണ്ടു. ലക്ഷ്യം നേടിയ സന്തോഷത്തിൽ അവൾ അകത്തേക്ക് കയറി.

മിസ്സിസ്, ബേറ്റ്സ്... മിസ്സിസ്, ബേറ്റ്സ്..അവൾ വിളിച്ചു.പക്ഷേ അകത്തെ രൂപത്തിൽ നിന്നും പ്രതികരണമൊന്നുമില്ല.അവൾ അടുത്തെത്തി കൈ നീട്ടി ആ രൂപത്തിന്റെ ചുമലിൽ തൊട്ടു. ആ രൂപം മെല്ലെ തിരിഞ്ഞു. മുകളിലെ

റാന്തൽ വിളക്കിന്റെ ഇരു വെളിച്ചത്തിൽ ആ മുഖം മെല്ലെ ദൃശ്യമായി വന്നു. ഒരു നിമിഷം... അവൾ ഒന്നേ നോക്കിയുള്ളൂ.... ഭീതി കൊണ്ട് ഭ്രാന്തമായി അവൾ അലറി വിളിച്ചു. അവളുടെ കൈകൊണ്ട് റാന്തൽ വിളക്ക് നിഴൽ രൂപങ്ങളെ നൃത്തമാടിച്ചു കൊണ്ട് തൂങ്ങിയാടി.

എല്ലും തോലുമായ ഒരു സ്റ്റഫ് ചെയ്ത അസ്ഥിപഞ്ജരം...ആ ശവശരീരത്തിന്റെ മുഖത്ത് വികൃതമായ പുഞ്ചിരിയുണ്ടാ യിരുന്നു. പെട്ടെന്ന് അതിന്റെ കൺകുഴിയി ലൂടെ ഒരു ചിലന്തി പുറത്തേക്ക് വന്നു. ഭീതി കൊണ്ട് തന്റെ ജീവൻ നിലച്ചു പോകുന്നത് പോലെ തോന്നി ലൈലയ് ക്ക്. പെട്ടെന്ന് പുറത്തെ കതക് തുറന്ന് മറ്റൊരു സ്ത്രീരൂപം അകത്തു കടന്നു. ആ രൂപത്തിന്റെ കൈയിൽ ഊരിപ്പിടിച്ച മൂർച്ചയേറിയ ഒരു കത്തിയുണ്ടായിരുന്നു. വന്യമായ ദാഹത്തോടെ അത് ലൈലയുടെ നേർക്ക് ചീറിയടുത്തു. അവൾ ഉറക്കെ നിലവിളിച്ചു. തൽക്ഷണം കതക് തുറന്ന് സാം അകത്തേക്ക് വന്നു. ആ രൂപത്തി നെ പുറകിൽ നിന്നും തടുത്ത് നിർത്തി. മൽപ്പിടുത്തത്തിനിടയിൽ ആ രൂപത്തിന്റെ വിഗ്ഗ് അഴിഞ്ഞു വീണു.





ഒരു നിമിഷം.

ഒരു ഞെട്ടലോടെ ആണ് അത് നോർമൻ ആണെന്ന് അവർ തിരിച്ചറിഞ്ഞത്. അവസാനം ഒരു മൽപ്പിടിത്തത്തോടെ സാം നോർമനെ കീഴടക്കി. ഒരു അലർച്ചയോടെ നോർമൻ നിലത്തേക്ക് തളർന്നു വീണു....പോലീസ് സ്റ്റേഷനിൽ വച്ച് ഒരു മനോരോഗവിദഗ്ദ്ധൻ നോർമന്റെ സൈക്കോ തലം വിവരിക്കുന്നു. അച്ഛന്റെ മരണശേഷം അമ്മയ്ക്ക് ഒരു കാമുകനെ ലഭിക്കുന്നു. തുടർന്ന് ഒറ്റപ്പെട്ട നോർമൻ തന്റെ അമ്മയെയും കാമുകനെയും കൊലപ്പെടുത്തുന്നു. കുറ്റബോധം സഹിക്കാൻ കഴിയാതെ, അയാൾ അമ്മയുടെ മൃതദേഹം സ്റ്റഫ് ചെയ്ത് സൂക്ഷിച്ച് അവർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്ന് കരുതുന്നു. തുടർന്ന് അമ്മയുടെ വ്യക്തിത്വവും നോർമനോട് ചേരുന്നു. ഒരേ സമയം അയാൾ അയാളായും അമ്മയായും ജീവിച്ചു. തന്റെ ഹോട്ടലിൽ എത്തിയ മരിയോണിൽ ആകൃഷ്ടനായ നോർമൻ അവളെ സ്വന്തമാക്കാൻ ആഗ്രഹിച്ചു. പക്ഷേ പെട്ടെന്ന് അയാളിലെ അമ്മ ഉണർന്നു. താൻ ഒറ്റപ്പെടുമോ എന്ന ഭയം അയാളിലെ അമ്മയെ പ്രതികാര വിവശയാക്കി. അങ്ങനെ ഉയിർത്തെഴുന്നേൽക്കപ്പെട്ട അമ്മയാണ് അന്ന് രാത്രി മാരിയോണെ കൊലപ്പെടുത്തിയത്. പിന്നീട് സ്വന്തം വ്യക്തിത്വം വീണ്ടെടുത്ത അയാൾ അമ്മയാണ് കൊലപാതകി എന്ന് ധരിച്ച് ഒരു ഉത്തരവാദിത്വമുള്ള മകനെ പോലെ ആ കൊലപാതകം മറക്കാൻ ശ്രമിക്കുന്നു. പോലീസ് നിഗൂഢതയുടെ ചതുപ്പിൽ നിന്നും രഹസ്യങ്ങൾ ഓരോന്നായി പുറത്തേക്ക് എടുത്തു കൊണ്ടിരിക്കുന്നതോടെ ചിത്രം അവസാനിക്കുന്നു.

ലോകസിനിമാ പ്രേക്ഷകരെ ഭീതിയുടെയും സസ്പെൻസിന്റെയും മുൾമുനയിൽ നിർത്തിയ ചലച്ചിത്രമാണ് സൈക്കോ. അക്കാഡമി അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ കരസ്ഥമാക്കിയ ഈ ചിത്രത്തിന് തുടർഭാഗങ്ങളുമുണ്ടായി.

# Rear Window: A singular perspective on mystery and suspense

**Dr Lalitha Gouri**
(FILCA)



**Alfred Hitchcock's Rear Window (1954) serves vintage Hitchcock in its supreme mystery, suspense and thrill generously dappled with emotion, drama, romance and comedy.**

**The visual space of the movie is clearly defined and limited. Eponymous with the title, it is the perspective from a rear window. The focus is always on the room, on the narrow lanes surrounding it or on life happening in the windows of other apartments within the visual range of this rear window.**

**The film received four Academy Award nominations in 1955 and the Best Film BAFTA award the same year. It was ranked number 42 on AFI's 100 Years 100 Movies list, and in 1997 was added to the United States National Film Registry in the Library of Congress for its culture, historical and aesthetic significance. The screenplay written by John Michael Hayes, was based on Cornell Woolrich's 1942 short story**

"It Had to Be Murder". Originally released by Paramount Pictures, the film stars James Stewart, Grace Kelly, Wendell Corey, Thelma Ritter, and Raymond Burr. It was screened at the 1954 Venice Film Festival competing for the Golden Lion.

Rear Window gained popular acclaim as one of Hitchcock's masterpieces.

A neat cross section of human life in its complexities, more often the negative complexities - mishaps, boredom, loneliness, mystery, sexuality, marriage, death - demand the audience's attention and reflection through the sharp vision of the now invalid photojournalist Jeff (James Stewart) recuperating after a workplace injury and has to sit viewing the world through the large window of his apartment, in a wheelchair, his leg in plaster cast. This window overlooks the courtyard and windows of other apartments.



The lame, bored life of an observant, active man confined to a wheelchair with only the view of a few windows and narrow alleyways, takes a dramatic turn when he starts to reflect on what he observes. Beyond voyeuristic pleasure, the reasoning, reflective mind takes over trying to connect the links.

The single visual perspective from Jeff's window is masterfully used by Hitchcock to narrate the entire story of suspense and thrill. The opening shot where the apartment complex is gradually zoomed in and a black cat runs across, symbolically sets the scene of something sinister to follow.

Zoom in and out is a technique used consistently throughout the film as a narrative technique to channel the attention of the audience.

The narrative of the film capitalises on creating a sense of anxiety in the audience who begin to suspect secrecy and murder. The furtive movements of the salesman, exiting his apartment, and through the alley way and his sense of looking around as if someone is following him.

**Jeff takes the audience along through his concentration, furrowed eyebrows, reflective gaze and the hurried viewing through his camera. High points of situational anxiety are created in the scenes where Lisa enters the salesman's apartment while he's out. The same direct sense of escalating danger happens in the scene where the salesman is slowly approaching Jeff's door when he is alone.**

**The much-loved pet dog digging the garden bed, a repeat sequence immediately brings in a sense of mystery and suspense making the audience think that there is something sinister to be unearthed. The death of the dog is an inevitable sequence in the narrative.**


**So do the scenes where the salesman is secures a big trunk with ropes. The salesman wondering what to do with the handbag and hiding that in a storage box. These scenes progress the narrative to narrow in on the central incident of the salesman murdering his wife. The incident is never shown in the film; it is only the suspicion, the reasoning and the plausible e...**



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
ALFRED HITCHCOCK FILM FESTIVAL



# വെർട്ടിഗോ - ആൽഫ്രഡ് ഹിച്ച്കോക്ക്



**സുരേഷ്കുമാർ.സി**
സെക്രട്ടറി ,
ബീം ഫിലിം സൊസൈറ്റി




ചലച്ചിത്ര കലയിൽ സസ്പെൻസ് ത്രില്ലറുകളുടെ കുലപതിയെന്ന വിശേഷണത്തിന് സർവദാ അർഹനായ ശ്രീ. ആൽഫ്രെഡ് ഹിച്ച്കോക്കിന്റെ, സമ്മിശ്ര പ്രതികരണങ്ങളുയർത്തിയ ചിത്ര മാണ് 'വെർട്ടിഗോ '.

1958 ൽ അത് പുറത്തിറങ്ങുമ്പോൾ ഹിച്ച്കോക്കിന്റെ അതുവരെയുള്ള സിനിമ കളെയപേക്ഷിച്ച് കുറഞ്ഞ പ്രേക്ഷക ശ്രദ്ധ മാത്രമാണ് 'വെർട്ടിഗോ'ക്ക് ലഭിച്ചത്. ഒരു ഘട്ടത്തിൽ, 1979 ൽ തന്റെ അഞ്ച് ചിത്രങ്ങൾ ഹിച്ച് കോക്ക് പിൻവലിച്ചപ്പോൾ അതിലൊ ന്ന് 'വെർട്ടിഗോ' ആയിരുന്നു.

നാലു വർഷങ്ങൾക്ക് ശേഷം വീണ്ടും റിലീസ് ചെയ്തതോടെ അത് വ്യാപകമായി സ്വീകരിക്കപ്പെട്ടു. 1996 ൽ 70 എം. എം. ലും ഡി. റ്റി. എസ്. സൗ ട്രാക്കിലും പ ുനർ സൃഷ്ടിച്ചതോടെ 'വെർട്ടിഗോ' ലോക ശ്രദ്ധയും നിരൂപകപ്രശംസയും നേടിയെ ടുത്തു.ത്രില്ലർ സിനിമകളുടെ സംഘർ ഷാത്മക സ്വീകാൻസുകളിൽ നിന്നെ ല്ലാമകന്ന്, മനുഷ്യ മനസ്സിന്റെ വിഭ്രമാത്മക - ഉദ്യോഗാവസ്ഥകളിൽ ഊന്നി നിന്നു കൊണ്ടാണ് 'വെർട്ടിഗോ'യുടെ കഥ അദ്ദേഹം വികസിപ്പിക്കുന്നത്. ഔദ്യോഗിക കൃത്യ നിർവഹണത്തി നിടയിൽ സഹപ്രവർത്തകന്റെ അപകടമരണത്തിന് സാക്ഷിയാകേണ്ടി വരുന്ന 'സ്ക്കോട്ടി ' (ജോൺ സ്ക്കോട്ടി ഫെർഗൂസൻ) എന്ന കുറ്റാന്വേഷകന്റെ മുഖഭാവങ്ങളിലൂടെയാണ് ക്യാമറ ചലിച്ചു തുടങ്ങുന്നത്.

മേൽക്കൂരയുടെ ഉയരത്തിൽ നിന്നുള്ള സഹപ്രവർത്തകന്റെ വീഴ്ചയുടെ കാഴ്ച സ്ക്കോട്ടിയെ അക്രോഫോബിയ (ഉയരപ്പേടി) എന്ന മാനസ്സികാവസ്ഥയിലെത്തിക്കുന്നിടത്ത് കഥയും തുടങ്ങുന്നു. ചിത്രകാരിയായ കൂട്ടുകാരിയുമൊത്തുള്ള ( Midge) സൗഹൃദ സംഭാഷണങ്ങളിലൂടെയാണ്





സ്ക്കോട്ടി തന്റെ ഉയരങ്ങളെ ഭയപ്പെടുന്ന മാനസികാവസ്ഥ വെളിപ്പെടുത്തുന്നത്. സന്നിദ്ധ സന്ദർഭങ്ങളിലെല്ലാം സ്ക്കോട്ടിയുടെ സഹായിയും ആശ്രയവുമായി കൂട്ടുകാരി പലപ്പോഴും കടന്നു വരുന്നുണ്ട്.

ഔദ്യോഗിക ജീവിതം അവസാനിപ്പിക്കേണ്ടി വരുന്ന കഥാനായകന് തന്റെ സഹപാഠിയും സമ്പന്ന വ്യവസായിയുമായ Gavin Elster ന്റെ ഭാര്യ മെഡസീന്റെ വിചിത്ര പെരുമാറ്റത്തിന്റെ കാരണമന്വേഷിക്കുക എന്ന നിയോഗം ഏറ്റെടുക്കേണ്ടി വരുന്നു. വിവിധ ഇടങ്ങളിലൂടെ മെഡലീനെ പിന്തുടരുന്ന സ്ക്കോട്ടിയുടെ അന്വേഷണം കാർലോട്ട വാൽഡസ് എന്ന സ്ത്രീയിലേക്ക് എത്തിചേരുന്നു. മൂന്ന് തലമുറ മുൻപ് ജീവിച്ചിരുന്ന അവർ മെഡലീൻെറ മുതുമുത്തശ്ശിയാണെന്നും അവരുടെ സ്വാധീനമായിരിക്കാം മെഡലീൻെറ വിചിത്ര രീതികൾക്ക് കാരണമെന്നും Gavin Elster ൽ നിന്നും സ്ക്കോട്ടി മനസ്സിലാക്കുന്നു. തന്റെ ഇത്തരം യാത്രകളേയും ഇടയ്ക്കുണ്ടാകുന്ന സംഭവങ്ങളെയും പറ്റി തീർത്തും അജ്ഞയാണ് മെഡലീൻ. സ്ക്കോട്ടിയുമായി, തിരിച്ചും, ആത്മബന്ധത്തിൽ എത്തിച്ചേരുന്ന മെഡലീൻ താൻ കണ്ട ഒരു സ്വപ്നത്തെക്കുറിച്ചു പറയുകയും അതിന്റെ പശ്ചാത്തലം കാർലോട്ട ജനിച്ചു വളർന്ന പ്രദേശമാണെന്ന് തിരിച്ചറിയുന്ന സ്ക്കോട്ടി , മെഡലീനുമൊത്ത് ആ സ്ഥലത്ത് പോകുകയും ചെയ്യുന്നു. അവിചാരിതമായി മെഡലീൻ ഒരു പള്ളിക്കകത്തേക്ക് ഓടിക്കയറുകയും മണിമേടയുടെ പടിക്കെട്ടുകൾ കയറിപ്പോകുകയും ചെയ്യുന്നു. പിന്തുടർന്ന സ്ക്കോട്ടിക്ക് 'ഉയരപ്പേടി ' കാരണം പാതിവഴിയിൽ പിന്തിരിയേണ്ടി വരുന്നു. അപ്പോഴേയ്ക്കും മേടയുടെ ഉയരത്തിൽ നിന്നും ചാടി മെഡലീൻ ആത്മഹത്യ ചെയ്യുന്നു.

നിയമസംവിധാനവും സുഹൃത്തും നിരപരാധിയായി കണ്ടെങ്കിലും സ്ക്കോട്ടി മറ്റൊരു മാനസിക സംഘർഷത്തിനു കൂടി വിധേയനാകുന്നു. കാണുന്ന പലരേയും മെഡലീൻ ആയി സംശയിക്കുന്ന അവസ്ഥയിലെത്തുന്നു.

തെരുവിലൂടെ നടക്കുമ്പോൾ കണ്ട, മെഡലീനുമായി സാമ്യം തോന്നിയ ഒരു സ്ത്രീയെ പിന്തുടർന്ന് അവരുടെ വാസ സ്ഥലത്ത് എത്തിയ സ്ക്കോട്ടി അവരുമായി സൗഹൃദത്തിലാവുന്നു. താൻ മഡലീൻ അല്ലെന്നും ജൂഡി ബാർട്ടൻ ആണെന്നും പറയുന്നുണ്ടെങ്കിലും സ്ക്കോട്ടി അവരെ വിടാതെ പിന്തുടരുകയും മെഡലീൻെറ വേഷത്തിൽ അവരെ കാണാൻ ശ്രമിക്കുകയും ചെയ്യുന്നു.



കാർലോട്ടയുടെ ഛായാ ചിത്രത്തിൽ കണ്ട മാതിരിയുള്ള നെക്ലേസ് ജൂഡിയുടെ കഴുത്തിലും കണ്ടതോടെ സ്ക്കോട്ടി സംശയാലുവാകുന്നു.

ഇവിടെ, പതിവിനു വിപരീതമായി, ഉദ്വേഗം അവസാനം വരെ നീട്ടാതെ യഥാർത്ഥ സംഭവം ഹിച്ച്കോക്ക് നേരത്തെ വെളിപ്പെടുത്തുന്നു. തുടർന്ന് സ്ക്കോട്ടി ജൂഡിയുമായി മെഡലീൻെറ മരണം സംഭവിച്ച പള്ളിയിലേക്കെത്തുകയും മണിമേടയുടെ ഉയരത്തിലേക്ക് അനായാസം കയറിപ്പോകുകയും ചെയ്യുന്നു. മറ്റൊരു ദുരന്തത്തിനും ഒരു വീണ്ടെടുക്കലിനും സാക്ഷ്യം വഹിക്കുന്ന അവസാന സീനിൽ സിനിമയും അവസാനിക്കുന്നു.

**സംഗീതത്തിന്റെയും ശബ്ദ വിന്യാസത്തിന്റെയും കാര്യത്തിൽ തികഞ്ഞ സൂക്ഷ്മത കാണാവുന്ന ചിത്രമാണ് 'വെർട്ടിഗോ'. പ്രധാന കഥാപാത്രങ്ങൾ മാനസിക അപഭ്രംശത്തിനു വിധേയരായിരുന്നിട്ടും അതിഭാവുകതയുടെ ലാഞ്ചന പോലും കാണാനാവില്ല. ' ഉയരപ്പേടി ' യുടെ ആഴം കാണിക്കാൻ ഉപയോഗിച്ച 'ഡോളി സൂം ' ക്യാമറ എഫക്ടിൻെറ ആദ്യ ഉപയോഗം ഈ ചിത്രത്തിലാണ്. (ദ വെർട്ടിഗോ ഇഫക്ട് എന്നാണ് തുടർന്ന് ഇത് അറിയപ്പെടുന്നത്).**

**തുടക്കത്തിൽ തണുത്ത പ്രതികരണമാണ് ലഭിച്ചിരുന്നതെങ്കിലും പിൽക്കാലത്ത് ഹിച്ച്കോക്കിന്റെ ഏറ്റവും മികച്ച സിനിമകളിലൊന്നായി 'വെർട്ടിഗോ' കണക്കാക്കപ്പെട്ടുതുടങ്ങി. പുതുമ നശിക്കാത്ത പ്രമേയവും ഋജുവായ രചനാ രീതിയും കൊണ്ട് ഇന്നും ആൽഫ്രെഡ് ഹിച്ച്കോക്കിന്റെ പ്രിയപ്പെട്ട സിനിമയായി 'വെർട്ടിഗോ' നിലനിൽക്കുന്നു.**



May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
ALFRED HITCHCOCK FILM FESTIVAL



# ഭയപ്പെടുത്തുന്ന പക്ഷികൾ



**ഡോ. പി. അജികുമാർ**
(ഫിൽക്ക)




**കാ**ലത്തിനതീതമായ സൃഷ്ടികളിലൂടെ നിരൂപക പ്രശംസയും വാണിജ്യ വിജയവും നേടിയ സംവിധായകനാണആൽഫ്രഡ് ഹിച്കോക്ക് . നിഗൂഢതയിൽ നിറം പിടിപ്പിച്ച അദ്ദേഹത്തിന്റെ സസ്പെൻസ് ത്രില്ലറുകൾ ആസ്വാദകരെ നിരാശരാക്കിയില്ല. പോസ്റ്ററുകളിൽ നടീനടന്മാർക്ക് പകരം സംവിധായകന്റെ ചിത്രം നൽകി പരീക്ഷിച്ച ഹിച് കോക്കിന്റെ തന്ത്രവും വിജയിച്ചു. അഭിനേതാക്കളെ നോക്കാതെ ഡയറക്ടറെ നോക്കി കാണികൾ തിയേറ്ററുകൾ സാഗരമാക്കി മാറ്റി.

അമ്പതോളം സിനിമകൾ സമ്മാനിച്ച ഹിച് കോക്കിന്റ 1963 – ൽ പുറത്തിറങ്ങിയ ഒരു അമേരിക്കൻ നാചുറൽ ഹൊറർ ത്രില്ലറാണ് ദി ബേർഡ്സ് .

ദാഫ്നെ സുമോരിയയുടെ ഇതേ പേരിലുള്ള ചെറുകഥയെ അടിസ്ഥാനമാക്കിയാണ് ഈ ചിത്രം നിർമ്മിച്ചത്. കാലിഫോർണിയയിലെ ബേ ഡഗബേയിലെ ജനതയ്ക്ക് നേരെ ഏതാനും ദിവസങ്ങൾക്കുള്ളിൽ ഉണ്ടായ പെട്ടെന്നുള്ള വിശദീകരിക്കാനാകാത്ത പക്ഷി ആക്രമണങ്ങളുടെ പരമ്പരയെ കേന്ദ്രീകരിച്ചാണ് സിനിമ നിർമ്മിച്ചത്. മികച്ച ഹൊറർ ചിത്രങ്ങളിലൊന്നായ ഇതിനു വിപുലമായൊരു പ്ലോട്ടാണ് ഇവാൻ ഹർ എന്ന തിരക്കഥാകൃത്ത് ഒരുക്കിയത്.

1960 -കളുടെ തുടക്കത്തിൽ സാൻ ഫ്രാൻസിസ്ക്കോയിലെ വളർത്തുമൃഗശാലയിൽ വച്ച് സാമൂഹിക പ്രവർത്തകയായ മെലാനി ഡാനിയൽസ് അഭിഭാഷകനായ മിച് ബ്രെന്നറെ കാണുന്നു. സഹോദരി കാത്തിയുടെ പതിനൊന്നാം ബർത്ത് ഡേയ്ക്കു ലവ് ബേർഡ്സ്നെ വാങ്ങാൻ എത്തിയതായിരുന്നു.

മെലാനിയെ ഒരു കേസുമായി ബന്ധപ്പെട്ടു അയാൾക്ക് നേരത്തേ അറിയാം.ലവ് ബേർഡ്സിനെ വാങ്ങുന്ന മെലാനി ബേഡഗബെയിലേക്ക് പോകുന്നു. അവിടെ അധ്യാപികയായ ആനിയെ കാണുന്നു. മിച്ചിന്റെ മുൻ കാമുകിയാണ് ആനി. മിച്ചിന്റ പരുക്കൻ സ്വഭാവക്കാരിയായ അമ്മ ലിഡിയ കാരണമാണ് അവർ തമ്മിൽ അകന്നത്.

ഒരു ബോട്ട് വാടകയ്ക്കെടുത്ത് ബ്രെന്നർ ഫാമിൽ പക്ഷികളെ വിടാൻ മെലാനി കടൽ കടക്കുന്നു.ഇതു കണ്ട മിച്



അവളെ പിന്തുടരുന്നു. മെലാനി തുറമുഖത്തെത്തുമ്പോൾ ഒരു കടൽക്കാക്ക അവളെ ആക്രമിക്കുന്നു.ആനിയോടൊപ്പം താമസിക്കുന്ന മെലാനിയെ കാത്തിയുടെ ബർത്ത് ഡേ പാർട്ടിയിലേക്ക് മിച് ക്ഷണിക്കാൻ പോകുന്നു. ആനിയുടെ വീടിന്റെ മുൻവാതിലിൽ ഒരു ഇടി വീഴുന്ന ശബ്ദത്തോടൊപ്പം ഒരു ചത്ത കടൽക്കാക്കയെ കാണുന്നു. ലിഡിയയ്ക്ക് മെലാനിയെ ഇഷ്ടമല്ല. തന്റെ കോഴികൾ ഭക്ഷണം കഴിക്കാത്തതിൽ അവൾ അസ്വസ്ഥയാണ്.

കാത്തിയുടെ ബർത് ഡേ പാർട്ടിയിൽ മെലാനി മിച്ചിനോട് തന്റെ പ്രശ്ന സങ്കീർണ്ണമായ ഭൂതകാലത്തെക്കുറിച്ചും തനിക്ക് കാത്തിയുടെ പ്രായമുള്ളപ്പോൾ അമ്മ മറ്റൊരാളോടൊപ്പം ഒളിച്ചോടിയതായും പറയുന്നു. കുട്ടികൾ കളിക്കുമ്പോൾ അവരെ കടൽക്കാക്കകൾ ആക്രമിക്കുന്നു. വൈകുന്നേരം മെലാനി മിച്ചിനൊപ്പം ഭക്ഷണം കഴിക്കുമ്പോൾ ചിമ്മിനിയിലൂടെ കുരുവികൾ കൂട്ടംകൂടുന്നത് കാണുന്നു. രാത്രി വീട്ടിൽ തങ്ങാൻ മിച് നിർബന്ധി ക്കുന്നു. തന്റെ കോഴികളെ കുറിച്ച് പറയാൻ അയൽക്കാരനെ തേടിപ്പോകുന്ന

ലിഡിയ, അയാളുടെ കിടപ്പുമുറിയിലെ തകർന്ന ജനാലയും,പക്ഷികൾ കൊത്തിയ, കണ്ണില്ലാത്ത അവന്റെ മൃതദേഹവും കണ്ടു ഭയന്ന് ഓടുന്നു.

വീട്ടിൽ വരുമ്പോൾ കാത്തിയുടെ സുരക്ഷയെ ക്കുറിച്ച് ലിഡിയ ഭയപ്പെടുന്നു. കാത്തിയെ കാത്തിരിക്കുന്ന മെലാനിക്ക് ചുറ്റും ഒരു കൂട്ടം കാക്കകൾ വലയം തീർക്കുന്നു. ആനിയ്ക്ക് മുന്നറിയിപ്പ് നൽകുമ്പോൾ കാക്കകൾ ആക്രമിക്കുന്നു. ടിപ്പി ഹെഡ്രൻ, റോഡ് ടൈയ്‌ലർ ജെസ്സിക്ക ടാന്റി, സൂസൻ പ്ളഷറ്റ്, വേറൊണിക്ക കർട്ട്റൈറ്റ്... തുടങ്ങിയവ രാണ് ഇതിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ചത്.





**സ്ത്രീ ലൈംഗികതയുടെയും,** പ്രകൃതിയുടെയും പല വശങ്ങളെക്കുറിച്ചുള്ള ഒരു കൃതിയായി ഇതിനെ കാണാം. പ്രണയവും അക്രമവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. ലവ് ബേർഡ്സ് കാക്കകളായി പ്രതിനിധാനം ചെയ്യുന്നു. സംഭാഷണത്തെക്കാൾ എഡിറ്റിങ്ങിലും, ദൃശ്യങ്ങളിലും ശ്രദ്ധിക്കുന്നു എന്നതാണ് ഹിച് കോക്കിന്റെ പ്രധാന സവിശേഷത.

കാക്കകളുടെ ആക്രമണരംഗങ്ങളിൽ പ്രേക്ഷകരിൽ കൂടുതൽ വൈകാരിക പ്രതികരണം ഉണർത്തുന്നതിനും, സസ്പെൻസ് വളർത്തുന്നതിനും മൊണ്ടാഷ് എഡിറ്റിങ്ങാണ് ഉപയോഗിച്ചിട്ടുള്ളത്. **വിരസമായ ജീവിതം, നീതി, ഏകാന്തത, ഭയം, കുറ്റബോധം തുടങ്ങി സങ്കീർണ്ണവും, അനുകമ്പയില്ലാത്തതുമായ വ്യത്യസ്ത കഥാപാത്രങ്ങളാണ് ഇവിടെ കാണുന്നത്. പ്രകൃതിയെ നിസ്സാരമായി കണ്ടതിനു മനുഷ്യരെ ശിക്ഷിക്കാൻ സിനിമയിലെ പക്ഷികൾ എഴുന്നേൽക്കുന്നുവെന്ന് ഒരു അഭിമുഖത്തിൽ ഹിച് കോക്ക് പറഞ്ഞിട്ടുണ്ട്.**

**കാലിഫോണിയയിലെ പക്ഷി ആക്രമണത്തിന് പിന്നിൽ ഒരിനം വിഷ ആൽഗകൾ ആയിരുന്നുവെന്നു പിൽക്കാല ഗവേഷകർ**



കണ്ടെത്തി. ഈ സംഭവത്തിൽ പ്രചോദിത നായ ഹിച്കോക്ക് നഗരവാസികൾക്ക് ഒളിച്ചുവയ്ക്കാൻ ഒരു കുറ്റബോധരഹസ്യം, ശിക്ഷയുടെ ഒരുപകരണം പോലുള്ള പക്ഷികൾ,എന്നീ അടിസ്ഥാനങ്ങളിലൂന്നി യാണ് തിരക്കഥ നിർദേശിച്ചത്. തന്റെ ഇഷ്ടചേരുവകളായ ത്രില്ലറും, സസ്പെൻസും,



ഹൊററും യഥാവിധി ഇതിൽ കൂട്ടിച്ചേർത്തു. ചിത്രത്തിൽ കാണുന്ന പക്ഷികൾ ഭൂരിഭാഗവും യഥാർത്ഥത്തിലുള്ളതാണ്. ഗ്രാഫിക്സ് ഇല്ലാത്ത കാലത്തു ആക്രമണത്തിന്റെ ഭയാനകത പൂർണ്ണമാക്കാൻ ധാരാളം പണം മുടക്കി അദ്ദേഹം മെക്കാനിക്കൽ പക്ഷി കളെയും സൃഷ്ടിച്ചു. സങ്കീർണ്ണവും ഭയാന കവുമായ ഒരന്തരീക്ഷത്തിലൂടെ കടന്നു പോകുന്ന പ്രേക്ഷകൻ സത്യത്തിൽ ഒരു കഥാർസിസിന് വിധേയനാവുകയാണ്.



അവിടെയാണ് ഹിച് കോ ക്കിന്റെ വിജയം.1964 - ൽ മികച്ച പുതുമുഖ നടിക്കുള്ള ഗോൾഡൻ ഗ്ലോബ് പുരസ്കാരം ടിപ്പി ഹെഡ്രന് ലഭിച്ചു. അമേരിക്കൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലോകത്തെ ആവേശകരമായ 100 സിനിമയുടെ പട്ടികയിൽ ദി ബേർഡ്സിന് ഏഴാം സ്ഥാനമാണുള്ളത്. ഇത് മികച്ച വിഷ്വൽ എഫക്ടിനു ഓസ്ക്കാർ നോമിനേഷൻ നേടി. ഓരോ ഷോട്ടും സിനിമ തീർന്നാലും നമ്മെ വേട്ടയാടും.




May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
ALFRED HITCHCOCK FILM FESTIVAL
KSFDC




(പ്രതികരണം)

# ഫിൽക്ക ഫിലിം സൊസൈറ്റിയുടെ ട്രാൻസ്ജെന്റർ ഫിലിം ഫെസ്റ്റിവൽ



ജോൺ തോമസ്
(ഫിൽക്ക)





കിംബർലി പിയേഴ്സ് സംവിധാനം ചെയ്ത അമേരിക്കൻ ചിത്രം ബോയ്സ് ഡോ് ക്രൈ ആണ് മേളയിൽ ആദ്യമായി പ്രദർശിപ്പിച്ച ചിത്രം. ട്രാൻസ് മാനായ ബ്രാൻഡൻ ടീനയുടെ ദുരന്ത പൂർണമായ ജീവിതം ആസ്പദമാക്കി നിർമ്മിക്കപ്പെട്ട ബയോപ്പിക്ക് ആണ് ഈ സിനിമ.

കരോക്കെ സംഗീത ട്രൂപ്പുണ്ടാക്കി സംഗീത കാരനായി ജീവിതം നയിക്കാൻ ശ്രമിച്ച ബ്രാൻഡൻ ടീന ലൈംഗിക ചൂഷണം, ഭേദ്യം എന്നിവയ്ക്കെല്ലാം ഇരയാവുന്നു. സമൂഹത്തിലെ പൊതുധാരയിൽ ഇടം കിട്ടാതെ അരികുവൽക്കരിക്കപ്പെട്ടവരോടൊപ്പം ഉള്ള ആ ജീവിതത്തിന്റെ അന്ത്യം ഒരു കൊലക്കത്തിക്ക് ഇരയായിട്ടായിരുന്നു.

എന്നാൽ അവനെ പ്രണയിച്ച ലാന എന്ന സുന്ദരിയായ പാട്ടുകാരി അവൻ ട്രാൻസ `മാൻ ആണെന്ന് അറിഞ്ഞിട്ടും പ്രണയം തുടരുന്നു. ടീന അവൾക്കയ്ക്കുന്നതും അയാളുടെ മരണാനന്തരം അവൾക്ക് ലഭിക്കുന്നതുമായ കത്ത് അവളോടുള്ള അഗാധമായ പ്രണയം വെളിവാക്കുന്ന ഒന്നാണ്. താൻ അവൾക്കു വേണ്ടി എന്നും കാത്തിരിക്കുമെന്ന് വെളിവാക്കുന്ന കത്ത്. ഒരു ട്രാൻസ്മാന് മറ്റാരെയും പോലെ അവന്റെ മനസ്സിൽ മുള പൊട്ടുന്ന പ്രണയം എന്ന സ്വാഭാവിക വികാരത്തിന് തടയിടുന്ന സാമൂഹിക ഇടപെടലുകൾ നമുക്ക് ഈ ചിത്രത്തിൽ കാണാം.

അർത്ഥസമ്പുഷ്ടമായ വരികളാണ് ഇതിലെ സംഗീത ട്രൂപ്പ് ആലപിക്കുന്ന പാട്ടുകൾക്ക്. ലൈംഗികമായ സ്വത്വപ്രതിസന്ധി താൻ അനുഭവിക്കുന്നുവെന്ന പ്രധാന കഥാ പാത്രത്തിന്റെ ഏറ്റുപറച്ചിൽ നമ്മുടെ മനസ്സിൽ നൊമ്പരമുണർത്തും.ആണും പെണ്ണും ഒരേ വ്യക്തിയിൽ എന്ന അവസ്ഥ സമൂഹത്തിന്റെ നോവായിത്തീരുന്ന വിചിത്രാനുഭവമാണെന്ന് ബ്രാൻഡൺ വിലപിക്കുന്നു.






**ട്രാൻസ്ജെന്ററുകൾ തുടങ്ങി ഭിന്ന ലൈംഗിക താൽപര്യങ്ങൾ വച്ചു പുലർത്തുന്ന കഥാപാത്രങ്ങളെ സിനിമയിൽ അവതരിപ്പിച്ച പ്രസിദ്ധ സ്പാനിഷ് സംവിധായകനാണ് പെഡ്രോ അൽമൊദോവർ. അദ്ദേഹത്തിന്റെ മിക്ക സിനിമകളിലും ഇത്തരം ഒരു കഥാപാത്രത്തെയെങ്കിലും കണ്ടുമുട്ടാതിരിക്കില്ല. അദ്ദേഹത്തിന്റെ ഓൾ എബൗട്ട് മൈ മദർ ആണ് മേളയിൽ രണ്ടാമതായി അവതരിപ്പിച്ച സിനിമ.**

**1999ൽ പുറത്തിറങ്ങിയ ഈ ചിത്രത്തിൽ ഒരു കാറപകടത്തിൽ മരിക്കുന്ന ചെറുപ്പക്കാരന്റെ അവയവങ്ങൾ ദാനം ചെയ്യാനുള്ള സമ്മതപത്രത്തിൽ ഒപ്പിട്ട് നൽകിയശേഷം അവന്റെ അമ്മ മാനുവേല അവന്റെ അച്ഛൻ, കലാകാരൻ കൂടിയായ ട്രാൻസ്മാനെ അന്വേഷിച്ച് യാത്ര പുറപ്പെടുന്നിടത്ത് ചിത്രം ആരംഭിക്കുന്നു.**

**സമൂഹത്തിന്റെ പൊതുധാരയിൽ നിന്നും മാറി തങ്ങളുടേതായ ലോകം സൃഷ്ടിച്ചു ജീവിക്കുന്ന ട്രാൻസ്ജെന്ററുകളുടെയും വ്യത്യസ്തമായ ജീവിതാഭിരുചികൾ പുലർത്തുന്ന ചെറുപ്പക്കാരുടെയും സംഘങ്ങളെ അവർ യാത്രയിൽ കണ്ടുമുട്ടുന്നു. അവർക്കിടയിലൂടെ പ്രശസ്ത നാടകനടി കൂടിയായിരുന്ന തന്റെ പൂർവ്വ**കാല സുഹൃത്തിനെയും മുൻ നാടക നടനും തന്റെ മകന്റെ അച്ഛനും ഇന്ന് എച്ച്ഐവി ബാധിതനുമായ വ്യക്തിയെയും അവർ കണ്ടുമുട്ടുന്നു.

തന്റെ ഭർത്താവിൽ നിന്നും ഗർഭം ധരിച്ച പെനിലോപ്പ് ക്രൂസ് എന്ന നടി അവതരിപ്പിക്കുന്ന നേഴ്സ് ആയി സേവനമനുഷ്ഠിക്കു ന്ന ഒരു കന്യാസ്ത്രീയെയും പരിചയപ്പെടാൻ ഇടയാകുന്നു.

പ്രസവത്തിൽ മരിക്കുന്ന കന്യാസ്ത്രീയുടെ കുട്ടിയെയും കൊണ്ട് മാനുവേല ബാർസലോണയിലേക്ക് മടങ്ങുന്നു. ആ കുട്ടി എച്ച്ഐവി മുക്തനാണെന്ന് പിന്നീടുള്ള പരിശോധനയിൽ തെളിയുന്നു. അമ്മയാവുക എന്നത് ട്രാൻസ്ജെന്ററുകൾ അടക്കം എല്ലാ വിഭാഗക്കാരും ഉൾക്കൊള്ളുന്ന വികാരം ആണെന്ന സന്ദേശം ഈ സിനിമ നൽകുന്നുണ്ട്.

ഭിന്ന ലൈംഗിക താൽപര്യം എന്ന വിഷയം കൂടി കൈകാര്യം ചെയ്യുന്ന ടെന്നസി വില്യംസിന്റെ എ സ്ട്രീറ്റ് കാർ നെയിംഡ് ഡിസൈർ എന്ന വിഖ്യാതമായ നാടകത്തിൽ നിന്നുള്ള രംഗങ്ങളും സമാന്തരമായി നമുക്ക് സിനിമയിൽ കാണാം.

**അമ്മമാർക്കു വേണ്ടി സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ അൽമൊദോവർ ചിത്രം സമൂഹ ത്തിന്റെ പൊതുധാരയിൽ നിന്നും വ്യത്യസ്തമായി നിലകൊള്ളുന്ന ട്രാൻസ്ജന്ററുകൾ, എച്ച്ഐവി ബാധിതർ തുടങ്ങിയവരുടെ താൽപര്യങ്ങളെയും പ്രശ്നങ്ങളെയും മനുഷ്യമനസാക്ഷിയുടെ മുൻപിലേക്ക് കൊണ്ടുവരുന്നു.**



**ചിത്രീകരണം കൊണ്ട് ഏറ്റവും ശക്തമായി അനുഭവപ്പെട്ടത് മൂന്നാമതായി അവതരിപ്പിക്കപ്പെട്ട അർജൻറീനൻ ചിത്രമാണ്. മനുഷ്യ ശരീരത്തിൽ സംഭവിക്കുന്ന ജനിതക - ലൈംഗിക വ്യതിയാനങ്ങളുടെ കഥ പറയുന്ന സിനിമകളുമായി നിരവധി പുരസ്കാരങ്ങൾ നേടിയ ലൂസിയാ പൂയെൻസൊ സംവിധാനം ചെയ്ത സിനിമയാണ് XXY .**

**പുരുഷ ലൈംഗികതയെയും സ്ത്രീ ലൈംഗികതയെയും നിർണയിക്കുന്ന ഹോർമോണുകൾ ഒരേ വ്യക്തിയിൽ കാണപ്പെടുന്ന അവസ്ഥയാണ് XXY. ഇതിലെ നായികാ കഥാപാത്രം അലക്സ് പുരുഷന്റെയും സ്ത്രീയുടെയും ലൈംഗികാവ**




**യങ്ങൾ ഉൾക്കൊള്ളുന്ന വ്യക്തിത്വമാണ്. ആൺ പേരായ അലക്സ് എന്നതാണ് വീട്ടുകാർ അവൾക്കിട്ട വിളിപ്പേരെങ്കിലും പെണ്ണായി** മാറ്റപ്പെടണം എന്ന ഉദ്ദേശ്യത്തോടെ ഡോക്ടർമാരുടെ ഉപദേശപ്രകാരം അവൾക്ക് നൽകിവന്ന ഹോർമോൺ ഗുളികകൾ കഴിക്കാതെ കളയുകയാണ് അവൾ ചെയ്യുന്നത്. സ്വന്തം നാടായ അർജൻറീനയിൽ നിന്നും ഉറുഗ്വേയിലെ ഒരു കടൽത്തീര പട്ടണത്തിലേക്കുള്ള കുടുംബത്തിന്റെ വരവ് മകളെ പെണ്ണാക്കുന്നതിനു വേണ്ടിയുള്ള



റീകൺസ്ട്രക്ടീവ് സർജറിക്ക് അവളെ മാനസികമായി സജ്ജമാക്കുക എന്ന ഉദ്ദേശ്യത്തോടെയായിരുന്നു. പ്ലാസ്റ്റിക് സർജനായ സുഹൃത്തിനെ കുടുംബസമേതം അവരോട് കൂടി ചേരുവാൻ ക്ഷണിച്ചത് തന്നെ അലക്സിന്റെ കാര്യത്തിൽ ഒരു തീരുമാനമെടുത്ത് അവളെ ശസ്ത്രക്രിയയ്ക്ക് തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു.

**എന്നാൽ സംഭവങ്ങൾ കീഴ്മേൽ മറിയുന്ന അവസ്ഥയാണ് ഉണ്ടാകുന്നത്. അലക്സിന് പ്ലാസ്റ്റിക് സർജന്റെ മകൻ സ്ത്രൈണ പ്രകൃതമുള്ള അൽവാരോയോട് തോന്നുന്ന ശാരീരിക ആകർഷണവും തുടർന്ന് അവർ തമ്മിലുള്ള ശാരീരിക ബന്ധത്തിന് കാരണമാകുന്നതും അവളിലെ പുരുഷലിംഗ**

പരമായ മേധാവിത്വം തുറന്നുകാട്ടപ്പെടാൻ ഇടയാകുന്നു. അവൾ, താൻ എങ്ങനെ യാണോ നിലകൊള്ളുന്നത് അപ്രകാരം തന്നെ തുടരുമെന്ന് തീരുമാനമെടുത്ത് തന്റെ തീരുമാനത്തെ പിന്താങ്ങുന്ന കുടുംബത്തോടൊന്നിച്ച് ഉറുഗ്വേയിൽ നിന്നും മടങ്ങിപ്പോകുന്നിടത്ത് സിനിമ അവസാ നിക്കുന്നു.

ലിംഗമാറ്റ ശസ്ത്രക്രിയകളെ വന്ധ്യം കരണത്തിന് തുല്യമായ ഭയജനകമായ അനുഭവമായി മുഖ്യ കഥാപാത്രം വി ശേഷിപ്പിക്കുന്നുണ്ട്. മറൈൻ ബയോള ജിസ്റ്റായ അലക്സിന്റെ പിതാവ്, കടലാ മകളുടെ ലൈംഗിക സ്വത്വം കത്തെുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് പറയുന്നത് തന്റെ മകളെപ്പോലെ ലൈംഗികമായ സ്വത്വം ഏതെങ്കിലും കള്ളിയിൽ ഒതുക്കി നിർത്തി നിർണയി ക്കാനാവാത്തവരുടെ കാര്യത്തിൽ ബാധകമാണെന്ന് തോന്നിപ്പോകുന്നു. വൈദ്യശാസ്ത്രത്തിന്റെ പരിമിതി, ലിംഗ പരമായ വ്യതിയാനങ്ങൾ, സ്വത്വസംബ ന്ധമായ അനിശ്ചിതത്വം എന്നിങ്ങനെ യുള്ള വിചിത്രാനുഭവങ്ങളോട് അനുകമ്പാപൂർവ്വം സമീപിക്കുന്നവർക്ക്




തൃപ്തിയേകുന്ന പ്രമേയവും സമീപനവും ആണ് ഈ സിനിമയിൽ ഉള്ളത്.

ഓരോ മനുഷ്യനും ലിംഗം, ശാരീരിക മായ പരിമിതി, ലൈംഗിക താൽപര്യങ്ങൾ എന്നിവ കണക്കിലെടുക്കാതെ സ്നേഹ ത്തിന് അർഹതയുണ്ടെന്ന് ഉദ്ഘോഷി ക്കുന്ന സിനിമയാണിത്.അവസാനമായി അവതരിപ്പിക്കപ്പെട്ട ചിത്രം ബ്യൂട്ടിഫുൾ ബോക്സർ എക്കച്ചായി ഉക്റാങ്തം എന്ന തായ് സംവിധായകന്റെ സിനിമയാണ്.

തായ്ലന്റിലെ ബോക്സറും അഭിനേത്രിയും മോഡലുമായിരുന്ന ടൂം പരിന്യ ചാരോൺ ഫോളിന്റെ ജീവിതത്തെ അടിസ്ഥാനമാക്കി യാണ് ഈ ബയോപ്പിക്ക് നിർമ്മിച്ചിരിക്കുന്നത്.



ചെറുപ്പ കാലത്തെ ദാരിദ്ര്യമാണ് പുരുഷ ശരീരത്തിൽ കുടുങ്ങിയ സ്ത്രീയെന്ന് വിശ്വ സിക്കുന്ന പരിന്യയെ ബോക്സിങ്ങിലേക്ക് തിരിയാൻ പ്രേരിപ്പിക്കുന്നത്. സ്ത്രീ എന്ന പരിമിതിയും വെല്ലുവിളിയും അവഹേളന വും നിലനിൽക്കുമ്പോഴും കടുത്ത പരിശീലനത്തിലൂടെ അവൾ അതിനെ അതിലംഘിച്ച് പണവും പ്രശസ്തിയും കൈവരിക്കുന്നു. ജപ്പാനിൽ വരെ എത്തി പേരും പെരുമയും നേടുന്നു.

മനോഹരമായ നൃത്തചുവടുകളും താളവും ആടയാഭരണങ്ങളുടെ വർണ്ണപ്പൊലിമയും ഉള്ള ഈ സിനിമ , തായ് ബോക്സിങ് ആക്രമണം അല്ലെന്നും എതിരാളിയുടെ ഓരോ ഇടിയും കമനീയമാക്കപ്പെട്ട ശരീരത്തോടെ ഒരു സിംഹത്തിന്റെ ഉശിരോടെ നേരിടണമെന്ന് വിളംബരം ചെയ്യുന്നു.പുരുഷ ശരീരത്തിൽ ഒളിച്ച സ്ത്രീ എന്ന ഈ അവസ്ഥ പരിന്യക്ക് അസഹനീയ മായി അനുഭവപ്പെടുന്നു. ശസ്ത്രക്രിയയിലൂടെ സ്ത്രീയായി മാറുന്നതോടു കൂടി തന്റെ മനസ്സിന്റെയും ശരീരത്തിന്റെയും ചേർച്ച അവൾക്ക് അനുഭവവേദ്യമാകുന്നു. തുടർന്ന് സ്ത്രീ ബോക്സർ എന്ന നിലയി ൽ നേട്ടങ്ങൾ കൊയ്യുന്നു. ലുംബിനി എന്ന പ്രശസ്ത മായ മത്സരത്തിലും വിജയശ്രീ ലാളിതയാകുന്നു.

അവസാന രംഗത്തിൽ ടൂമിനെ അനുകരിച്ച് ലിപ്സ്റ്റിക് ഇട്ട് റിങിലേക്ക് കയറാൻ തുടങ്ങിയ കുട്ടിയായ ഒരു ബോക്സറുടെ ചുണ്ടത്തെ ചായം തുടച്ചുകൊണ്ട് പൊരുതാനുള്ള കരുത്ത് അനുകരണത്തിൽ നിന്നല്ല ഹൃദയത്തിൽ നിന്നുമാണ് ഉണ്ടാ വേണ്ടതെന്ന് കുട്ടിയുടെ ഹൃദയത്തിൽ തൊട്ടുകൊണ്ട് പരിന്യ പറയുന്നിടത്ത് സിനിമ അവസാനിക്കുന്നു.





(വാർത്ത)

## സാമൂഹിക നവീകരണത്തിന് ക്ലാസിക് ചലച്ചിത്രമേളകൾ പ്രധാന പങ്ക് വഹിക്കുന്നു - സജീവ്. എസ് ,
(ചെയർമാൻ , ജോയിൻറ് കൗൺസിൽ)



രാജാംബിക എസ്.എസ്
അസോസിയേറ്റ് എഡിറ്റർ,
(ഫിൽക്ക)

ട്രാൻസ്ജെൻഡർ ഫിലിം ഫെസ്റ്റിവൽ ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷത വഹിച്ച ജോയിൻ്റ് കോൺസിൽ ചെയർമാൻ സജീവ്. എസ് ട്രാൻസ്ജെൻഡേഴ്സ് അനുഭവിക്കുന്ന പ്രശ്നങ്ങൾ നമ്മുടെ ചിന്തകൾക്കുമപ്പുറത്താണ് എന്ന് പ്രസ്താവിച്ചു. ' ട്രാൻസ്ജെൻഡേഴ്സിൻെറ പ്രശ്നങ്ങൾ അവരുടെ വീട്ടിൽ നിന്നു തന്നെയാണ് തുടങ്ങുന്നത്.ഒരു കുട്ടി ട്രാൻസ്ജെറാണെന്നറിയുമ്പോൾ ആ വീട്ടുകാർ അനുഭവിക്കുന്ന മാനസികസംഘർഷങ്ങളും ആ കുട്ടിയെ ആട്ടിയോടിക്കുന്നതും നരകസമാനമായ അനുഭവമാണ്. വീട്ടുകാർക്ക് വേണ്ടാത്ത കുട്ടിയെ സമൂഹം എങ്ങനെയാണ് ഉൾക്കൊള്ളുകയും സ്വീകരിക്കുകയും ചെയ്യുക? മാറേണ്ടത് നമ്മളാണ്. അവിടെയാണ് സാമൂഹിക ക്ഷേമ വകുപ്പിൻെറ ഇടപെടലിൻെറ ആവശ്യം വരുന്നത്. അത്തരം നവീകരണത്തിന് ഇത്തരം ചലച്ചിത്ര പ്രദർശനങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ട്രാൻസ്ജെൻഡേഴ്സിനെ ചേർത്തു നിർത്തുന്ന ഒരു സമൂഹം ഉണ്ടാകണം. വിഷയവുമായി ബന്ധപ്പെട്ട ഒരു കവിയരങ്ങ് സംഘടിപ്പിച്ചത് ഇത്തരുണത്തിൽ ഏറെ പ്രശംസനീയമാണ്. '

ഒരുപക്ഷേ കേരളത്തിൽ ആദ്യത്തെ ട്രാൻസ്ജെൻഡർ ഫിലിം ഫെസ്റ്റിവലിൽ ട്രാൻസ് വിഭാഗത്തിലുള്ള ആരും, പ്രത്യേകിച്ച് സാമൂഹികക്ഷേമ വകുപ്പിൽ നിന്നുപോലും ആരുമെത്താത്തതിൽ ഉദ്ഘാടക കൂടിയായ ശ്രീക്കുട്ടി നമിത ആശങ്ക അറിയിച്ചു. ട്രാൻസ്ജെൻഡർ എന്നത് കോടതി പോലും അംഗീകരിച്ച താണെന്നും അവർ ഓർമ്മിപ്പിച്ചു. മൂന്നാം ലിംഗം എന്നും ഭിന്നലിംഗം എന്നുമുള്ള പരാമർശങ്ങൾ ഒഴിവാക്കണമെന്നും അവർ ആവശ്യപ്പെട്ടു. ജെൻഡറിസത്തെ അവർ വ്യക്തമായി തന്റെ പ്രസംഗത്തിൽ വിശദീകരിച്ചു.






ഫിലിം സൊസൈറ്റികൾ പകരുന്ന ചലച്ചിത്ര കലയെ കുറിച്ചുള്ള അവബോധത്തിന്റെ പ്രസക്തിയെ കുറിച്ചാണ് നോവലിസ്റ്റ് - ചലച്ചിത്ര ഗ്രന്ഥകാരൻ സാബു ശങ്കർ സംസാരിച്ചത്. ' ഇൻറർനാഷണൽ ഫിലിംസ് എന്നാൽ എന്താണ് ഉദ്ദേശിക്കുന്നത് ? എന്താണ് ഒരു കലാസൃഷ്ടി നമുക്ക് മനസ്സിലാക്കിത്തരുന്നത് ? യഥാർഥ സിനിമയും കവിതയും ചിത്രകലയും നമ്മുടെ സംസ്കാരത്തോട് ചേർന്നു നിൽക്കുന്നവയാണ്. തിയറ്ററിൽ ആളെക്കൂട്ടുന്ന കേവലം ഒരു പ്രദർശന വസ്തുവല്ല, യഥാർത്ഥ ചലച്ചിത്രകല. മനുഷ്യ അവസ്ഥകളെ, സാമൂഹിക അവസ്ഥകളെ യാഥാർഥ്യബോധത്തോടെ എന്നാൽ കലാരൂപത്തിന്റെ സവിശേഷത യോടെ ആസ്വാദ്യകരമായി,ചിന്താപരമായി ജനങ്ങളിലേക്ക് എത്തിക്കുന്ന ബോധരൂപ മാണ് ചലച്ചിത്രകല . ഗ്രന്ഥശാലകൾ , ശാസ്ത്ര സാഹിത്യ പരിഷത്ത് പോലുള്ള പ്രസ്ഥാനങ്ങൾ ജനങ്ങൾക്ക് ഉപയോഗ പ്രദമായ നല്ല പ്രവർത്തനങ്ങൾ കാഴ്ചവയ ്ക്കുന്നത് പോലെ, ഫിലിം സൊസൈറ്റികൾ ലോകമെമ്പാടും ലോക സിനിമ എന്നാൽ എന്താണെന്നും കലാസൃഷ്ടി എന്താണെന്നും തിരിച്ചറിയാനുള്ള ഒരു ലാബായി ജന സമൂഹത്തിൽ പ്രവർത്തിക്കുന്നു.'

## കവിയരങ്ങ്

കവിയരങ്ങിലേക്ക് ലഭിച്ച കവിതക ളിൽ നിന്ന് പതിനൊന്നു കവിതകൾ തെരഞ്ഞെടുത്തിരുന്നു. അതിൽ രാജാംബിക. എസ്.എസ്,ഡോ. ഉഷാറാണി. പി, എസ്. എൽ. ബ്രൈറ്റ് മീയണ്ണൂർ, ദിവ്യ. സി. ആർ, അനീഷ് ആർ. കെ ജാനു കാഞ്ഞിരംകുളം, തിരുമല ശിവൻകുട്ടി. സി. എസ്, ഡോ.അനിൽ കുമാർ. എസ്. ഡി, സജി അനീഷ്, പി.കെ. ജയരാജൻ തുടങ്ങിയവർ കവിതകൾ ആലപിച്ചു. ഫിൽക്കയുടെ കൺസൽട്ടന്റ് ജോൺ തോമസ് കവിയരങ്ങിന്റെ ഏകോപനം നിർവ്വഹിച്ചു.

ട്രാൻസ്ജെൻഡർമാരുടെ ജീവിത പോരാട്ടങ്ങളും കടന്നു വരുന്ന കനൽ വഴികളും സമൂഹത്തിന്റെ സമീപനവും തങ്ങളുടെ കാവ്യാത്മക രചനകളിലൂടെ പകർന്നപ്പോൾ തീർത്ത നോവിന്റെ തന്ത്രികൾ ഉള്ളാഴങ്ങളിൽ പുതിയ തലങ്ങൾ സൃഷ്ടിച്ചു.

ഒരു ട്രാൻസ്ജെൻഡർ ആയി നില നിന്നുകൊണ്ട് അവരുടെ ഭാഗം സ്വന്തം നെഞ്ചിലേറ്റി 'അവഗണനയല്ല എനിക്കു വേണ്ടത് പരിഗണനയാണു' എന്നു ലോകത്തെ ഉദ്ബോധിപ്പിച്ചു രാജാംബി കയുടെ 'ലിംഗസ്വത്വം' എന്ന കവിത. ഓരോ

ട്രാൻസ്ജെൻഡർന്റെയും വിദ്യ, തൊഴിൽ, സൗഹൃദം, കുടുംബജീവിതം തുടങ്ങിയ ഒരു കൂട്ടം ഇല്ലായ്മകളുടെ കണ്ണുനീർ പെയ്ത്ത് ഒരു കടലിരമ്പം മുഴക്കുന്നു. പൊതുസമൂഹത്തിനിടയിൽ നിന്നു ആട്ടിയ കറ്റപ്പെടുമ്പോഴും അവരുടെ കണ്ണിലെ തിളച്ചു നിൽക്കുന്ന സൂര്യന്റെ തീഷ്ണ നോട്ടമേറ്റു ഉള്ളുരുകി നിൽക്കുന്ന ഓരോ ട്രാൻസ്ജെൻഡറുടെയും എത്രയോ തവണ മരിച്ചു ജീവിക്കേണ്ടി വരുന്ന നരകസമാനമായ ജീവിതത്തിന്റെ നേർചിത്രം കോറിയിടുന്നു ഈ കവിത. അതിജീവിനത്തിന്റെ ശരശയ്യയിലും ഭൂമിയിലെ സുന്ദരമായ കാഴ്ചകൾ ഒരു പ്രാവശ്യമെങ്കിലും ആസ്വദിക്കാൻ ദാഹിക്കുന്നവർ. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ശ്രമങ്ങൾ തുടരുന്നതിനിടയിൽ ജീവൻ നഷ്ടമായ എത്രയോ പേർ തീരാവേദനകളായി മനസ്സിൽ അവശേഷിക്കുന്നു. വലിയ ആഗ്രഹങ്ങൾ സാധിച്ചില്ലെങ്കിലും തങ്ങളുടെ ഉപജീവനത്തിനായുള്ള പോരാട്ടത്തിൽ കൈകോർത്ത് ചേർത്തു നിർത്താൻ ഓർമ്മിപ്പിക്കുന്നു.

കവി ദിവ്യ സി.ആർ. ന്റെ 'നോവിൻ പിറപ്പുകൾ' എന്ന കവിതയിലും



അന്യരുടെ ആക്ഷേപസ്വരങ്ങൾ ഏൽക്കേണ്ടി വരുന്ന ട്രാൻസ്ജെൻഡർമാരുടെ നക്ഷത്രശോഭയോടെ നിലാവിൽ പൂക്കുന്ന പ്രതീക്ഷയുടെ നുറുങ്ങുവെട്ടത്തെക്കുറിച്ചും നിങ്ങൾ ഒത്തിരിയൊന്നും കൊടുക്കണ്ട, അവരുടെ ജീവിതവഴിയിൽ മനുഷ്യത്വം പകരുന്ന ഒരു പരിഗണന നൽകണം എന്ന് ബോധിപ്പിക്കുന്നു.



നോവിൻ പിറപ്പുകൾക്കൊപ്പമിരിക്കണമെന്നും നേട്ടത്തിൽ സ്നേഹത്തിന്റെ സൂചിക നില നിർത്തണമെന്നും ഓർമ്മിപ്പിക്കുന്നു.

ഡോ. ഉഷാറാണി. പി. എഴുതിയ 'ഞാൻ' എന്ന കവിത, മാനവ സൃഷ്ടിയുടെ മൂന്നാമതൊരു ഭാവത്തെ വർണ്ണിക്കുന്നു. ഇത്രയും വലിയൊരു പ്രശ്നത്തിന് ഒരു പരിഹാരം വിവരിക്കാത്ത വിജ്ഞാന ഗ്രന്ഥങ്ങളെയും ട്രാൻസ്ജെൻഡർമാരുടെ മുന്നിൽ മുട്ടു മടക്കുന്ന മെഡിക്കൽ സയൻസിനെയും കൊണ്ട് ഇവർക്ക് എന്തു പ്രയോജനമാണ് കിട്ടുക എന്ന് ചോദിക്കുന്നു. പരിവർത്തനത്തിന്റെ നവസൂര്യൻ ഓരോ വരിയിലും പ്രത്യാശ നിറയ്ക്കുന്നു.

കവി എസ്.എൽ ബ്രൈറ്റ് മീയണ്ണൂരിന്റെ 'അതിജീവനസ്വത്വം' എന്ന കവിതയും ആശയമികവ് പുലർത്തി. ഭൂമിയിലേക്കു അടർന്നു വീഴുന്ന നിമിഷം മുതൽ ശാരീരിക വ്യതിയാനങ്ങൾ പ്രകടമാകുന്ന ആ ഒരു സമയം ഭൂമിയുടെ ഉള്ളിൽ തീർത്ത ഒരു ഗർത്തത്തിൽ ഈ സമൂഹത്തിനെ നേരിടാനാകാതെ സ്വയം ഒളിച്ചു കഴിയാൻ ആഗ്രഹിക്കുന്ന അവസ്ഥയെ പ്രതിപാദിക്കുന്നു അനീഷ് ആർ. കെ യുടെ ' ഇരുമുഖം' എന്ന കവിത.

ഡോ. അനിൽകുമാർ .എസ്.ഡി. രചിച്ച മൂന്നാം ലിംഗം എന്ന കവിത, ശരീരഘടനയിലെ അപാകതകൾ പരിഹരിക്കാൻ കഴിയാതെ വിഷമിക്കുകയും പലവിധ വേഷങ്ങൾ ചമഞ്ഞു അണിഞ്ഞൊരുങ്ങി ആനന്ദത്തിന്റെ മുഖംമൂടി അണിയുന്നവരെ ദുരുപയോഗം ചെയ്യാൻ തക്കംപാർക്കുന്ന ഒരു കൂട്ടം മാനസികനില തകരാറിലായവരെ കുറിച്ചുള്ളതാണ്.

കവി പി. കെ. ജയരാജന്റെ 'ഗാസ്' (GAS -Gender Affirming Surgery) എന്ന കവിത ലിംഗമാറ്റ ശസ്ത്രക്രിയയെക്കുറിച്ചുള്ളതാണ്. ഇതിൽ മിത്തും സത്തും സമ്മേളിക്കുന്ന നിഴൽ ജാലകങ്ങൾ കാണാം . ഭഗവാൻ വിഷ്ണു മോഹിനീവേഷം കെട്ടിയതും തുടകീറി ശബരിമല ശ്രീ ശാസ്താവായ അയ്യപ്പനെ പെറ്റെടുത്തതും ചേർത്ത് ഒരുക്കിയ ഒരു കവിതയാണ് ' ഗാസ് ' .



നമ്മൾ വെവ്വേറെയാണെങ്കിലും മനസ്സു കൊണ്ടു എല്ലാവരും ഒന്നാണ്, അങ്ങനെ യായിരിക്കണം എന്നു ഉദ്ഘോഷി ക്കുന്നതായിരുന്നു കവയിത്രി ജാനു കാഞ്ഞിരം കുളത്തിന്റെ 'ഒന്നാണു നമ്മൾ' എന്ന കാവ്യരൂപം. ലിംഗമാറ്റത്തിന്റെ ലക്ഷണങ്ങൾ പ്രകടമാകുമ്പോൾ തന്നെ ആ കുട്ടി വീട്ടിൽ നിന്നു ആദ്യമായി അന്യനാകുന്നു. അവിടെ തുടങ്ങുന്നു അവന്റെ നരകയാതനകൾ. സ്വന്തമായി ഇഷ്ടങ്ങൾ സൂക്ഷിക്കാൻ പാടില്ലാത്തവർ. എല്ലാ ലിംഗങ്ങളും ഈശ്വര സൃഷ്ടിയാണെന്നും അജ്ഞതയാൽ വിവരക്കേട് കാണിക്കരു തെന്നും ലോകജനതയെ ഈ കവിത ഓർമ്മിപ്പിക്കുന്നു.

കവി പുഷ്പ അനിലിന്റെ ട്രാൻസ് ജെൻഡറിസം' എന്ന കവിതയിൽ ട്രാൻസ്ജെൻഡഴ്സിനെ ഇരയാകാൻ പോകുന്ന ഒരു മൃഗത്തിന്റെ ഭാവാദി കളോടാണ് ഉപമിക്കുന്നത്. ഓടിച്ചു പിടിക്കപ്പെടുമ്പോൾ മരണത്തെ മുഖാമുഖം അഭിമുഖീകരിക്കേണ്ടി വരുന്ന സമയം ആ കണ്ണുകളിൽ നിഴലിക്കുന്ന ദൈന്യതയും അവശതയോ ടെയുള്ള കിതപ്പും അനാവരണം ചെയ്യുന്നു. ദുഃഖം മൂടി നാമമാത്രമായ സന്തോഷം കവരുന്ന മർത്യർക്കു മുന്നിൽ ഒരു നുള്ളു സ്നേഹത്തിനും പുഞ്ചിരിക്കുമായി അവർ കൈനീട്ടുന്നു.

കവി സജി അനീഷിന്റെ 'ആരു ഞാൻ', ട്രാൻസ്ജെൻഡർക്കു നേരെയുള്ള ചെറിയ സഹായം പോലും തട്ടിക്കളയു ന്നതും മറ്റുള്ളവർ ഉള്ളിൽ വിഷം നിറയ്ക്കുന്നതും വിവരിക്കുന്നു. സ്വന്തം പ്രകാശം ചുമക്കുന്ന വഴികാട്ടിയാകുന്ന ഒരു മിന്നാമിനുങ്ങുപോലെയാകാൻ കാലമേ നീയെത്രനാൾ കാത്തിരിക്കണമെന്ന ചോദ്യത്തോടെ ഈ കവിത അവസാ നിക്കുന്നു.

'തിരുനങ്കൈകൾ', കവി തിരുമല ശിവൻകുട്ടി എഴുതിയ കവിത, കുഞ്ഞിന് പല കാലഘട്ടങ്ങളിലായി ഉള്ളിൽ ഉരുത്തിരിയുന്ന മാറ്റങ്ങളെ കുറിക്കുന്നു. സ്വപ്ന മരീചികയായ് തെളിയുന്നുവോ ഭഗ്നമോഹങ്ങളായ് മാറുന്നുവോ എന്ന് ആത്മഗതം ചെയ്യുന്നു. അരുതുകൾ ചൊല്ലി ട്രാൻസ്ജെൻഡഴ്സിനെ അകറ്റി നിർത്തരുതെന്നും സമീപനത്തിൽ ദയാപൂർവ്വമായ മാറ്റം വരുത്തണമെന്നും അപേക്ഷിക്കുന്നു.

കവികളും കലാകാരന്മാരും മറ്റുള്ളവരെ അനുകരിച്ച് മിമിക്രി ചെയ്യുന്നു, ആക്ഷേപ ഹാസ്യം മെനയുന്നു. എങ്കിലും നിലയില്ലാ ക്കയത്തിൽ മുങ്ങുന്ന ഒരുവനെ ത്രാണനം ചെയ്തില്ലെങ്കിലും, ചിലർ തൂലികയിൽ നിറച്ച വിഷം ബഹിർസ്ഫുരിക്കുമ്പോൾ അതേറ്റ് വാടിപ്പോകാതിരിക്കാനുള്ള ശക്തമായ ഇടപെടലുകൾ നാം നടത്തിയേ മതിയാകൂ എന്നും കവി പ്രത്യാശിക്കുന്നു.

ട്രാൻസ്ജെൻഡർ ഫിലിം ഫെസ്റ്റിവലിൽ നാല് ഭൂഖണ്ഡങ്ങളിൽ നിന്നുള്ള നാലു സിനിമകൾ (ബോയ്സ് ഡോ് ക്രൈ, ഓൾ എബൗട്ട് മൈ മദർ, എക്സ് എക്സ് വൈ, ദ ബ്യൂട്ടിഫുൾ ബോക്സർ ) നാല് വ്യത്യസ്ത അവസ്ഥകളാണ് അവതരിപ്പിച്ചത്.

വോള്യം -8 ലക്കം -138 മേയ് 2025 മലയാളം - ഇംഗ്ലീഷ്
May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
44
ALFRED HITCHCOCK FILM FESTIVAL
KSFDC









കവിത

# ചങ്ങലയ്ക്കിട്ട നന്മകൾ



രാജാംബിക എസ്.എസ്
(ഫിൽക്ക)

നിലാവിൽ  നിഴലുകൾ യുദ്ധം നടത്തുന്നു
ബൗദ്ധമണ്ഡലം മയക്കത്തിൻ കയങ്ങളിൽ
താഴുന്നു.

കരം പിടിച്ചു വളർത്തിയോർ
പടുതീയിലമരുന്നു
സ്വന്ത ബന്ധങ്ങൾ ബ്ലാക്ക് മാജിക്കിൽ
അടരുന്നു..

ഭയം രാവോളം ആടിത്തിമിർക്കുന്നു
രസത്തിൻെറ ചരടുകൾ അരക്കെട്ടിൽ,
ചടുലതാളത്തിൻ മദോന്മത്ത നിമിഷ
ങ്ങളിലിഴയുന്നു.

നിസ്സാര തർക്കങ്ങൾ, നിഷ്ഠുരം
അരുംകൊല, കണ്ണിമചിമ്മും മുൻപെ
കബന്ധങ്ങൾ ധൂളിയിലമരുന്നു...

വാശി, എന്നും ഫണംവിരിച്ചാടുന്നു,
വിലാപങ്ങൾ തൻ ഘോഷയാത്ര പെരുമ്പറ
മുഴക്കുന്നു.

കണ്ണിൻമണികളെ തെരുവുനായകൾ കീറുന്നു
ആധിയും വ്യാധിയും പുതുകാലസീമകൾ
കടക്കുന്നു...

യുഗപ്പിറവികളിൽ അഭയമന്വേഷിച്ച്
പരാതിപ്പെട്ടി നിറഞ്ഞു കവിയുന്നു,
നിറവയറൊഴിയാതെ ചവറ്റുകുട്ട
തളരുന്നു

ഉപബോധമണ്ഡലം ജീർണ്ണിച്ചിടാത്തവരെ
വിഡ്ഢികൾ വീഴ്ത്തിയ ചരിത്രം
തുടരുന്നു...

സത്യാന്വേഷികൾക്കെന്നും നോവിൻ
മരീചിക
അസത്യത്തിൻ പേക്കോലങ്ങൾ
കൊടികുത്തി വാഴുന്നു.

നുരയുന്ന, പതയുന്ന പേക്കിനാവുകളിൽ
ചങ്ങലക്കിലുക്കം ശ്രവണേന്ദ്രിയങ്ങളെ
നടുക്കുന്നു...

കാകനും കഴുകനും കൊത്തിവലിക്കുന്ന
പുഴുവരിച്ച പാതകളിൽ പൂർവ്വനന്മകളുടെ
ജന്മമൊടുങ്ങുന്നു

May Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
ALFRED HITCHCOCK FILM FESTIVAL
KSFDC



കവിത



ദിവ്യ. സി. ആർ

# വിഭ്രമം

സ്വപ്നങ്ങളുടെയും
പ്രതീക്ഷകളുടെയും മേൽ
അവളെഴുതിയ അപൂർവ്വരാഗങ്ങളായി
പെയ്തൊഴിയുന്നു: മരണത്തിന്റെ
നിശബ്ദ കാവ്യധാരകൾ.!

സുഖത്തിന്റെയും സ്വാർത്ഥതകളുടെയു-
മെത്രയെത്ര രുഗ്മകാവ്യങ്ങളാൽ
ക്രൂരതകളുടെ വലിഞ്ഞു മുറുകിയ
മുഖത്തുടിപ്പുകളിൽ; ചോര വാർന്നൊ-
ഴുകിയ പുഴപ്പാടുകൾ.!

വിട്ടുകൊടുക്കലുകളുടെയും പരാജയ-
ങ്ങളുടെയും പാഠങ്ങളറിയാതെ,
വെട്ടിപ്പിടിച്ച വിജയക്കൊടികളിൽ
നിലതെറ്റി വീണ മനസ്സുകൾ..

ശ്വാസം മുട്ടിച്ചും, കഴുത്തറുത്തും
പ്രിയപ്പെട്ടവരെ നിശബ്ദരാക്കി
വിജയമെന്നു കരുതി കുരുതി -
ക്കളങ്ങളിൽ വിഭ്രമിച്ച മനസ്സുകളെ
ചേർത്തെഴുതാൻ കഴിയാത്ത
ഭയാത്മകതയുടെ നിഴൽപ്പാടുകളാൽ
കാലം; വിരൽപ്പാടുകൾ ചാർത്തുന്നു.!

കവിത

# ഭീതിയുടെ തടവറകൾ



അനീഷ്. ആർ. കെ

പെരുവിരൽത്തുമ്പിൽ നിന്നും ഒരു നീറ്റൽ....
കൈകളിലാകമാനം പടർന്നു പിടിക്കുന്നു.
കത്തിയോ വാളോ ഒന്നുമില്ല.
ഇനിയും ജീവന്റെ തുടിപ്പുകൾ പിടക്കണം.
മരണമണികൾ മുഴക്കി ആനന്ദിക്കണം.
ഉരുകിയെരിയുന്നൊരാ കണ്ണീർധാരയിലും ഉൾപ്പിടച്ചിൽ കണ്ടൊന്ന്
തൃപ്തിപ്പെടണം.
ചോരക്കളത്തിലേക്കിറങ്ങി ചെല്ലണം.

കാണികൾ കൂടിയും, കരഘോഷവലയത്താലാനയിച്ചും
ജയിലറയിലെത്തിക്കാൻ താമസമോ...?
മനസിലിപ്പോഴും ഇരുട്ടറ മാത്രം.
ആ രൂക്ഷഗന്ധം ഇനിയും സിരകളിലൊഴുക്കണം.
ചുവർചിത്രങ്ങൾ കൊണ്ട് അന്ധത നിറയ്ക്കണം.

വെട്ടിവീഴ്ത്തിയ കോമരത്തലകൾ.
ഓർമ്മതൻ ഊഴിയിലേക്കാഴ്ന്നിറങ്ങി പടരുന്ന മുഖങ്ങൾ.
പിച്ചിച്ചീതറിയ വിപ്ലവവികാരങ്ങൾ
ചുടലത്തറയിൽ രമിച്ച മെയ്യഴകുകൾ.
മാറാല കൊണ്ട് മൂടിയ ചിന്തകൾ, പാതയോരങ്ങൾ.

ക്ഷമയെന്റെ ഉള്ളിലില്ല
തെല്ലും ഭയമെന്റെ കൂടെയില്ല.
നിയമപോരാട്ടങ്ങൾക്കൊടുവിൽ ഞാനേറ്റം സ്വതന്ത്രൻ.
ഞാൻ മാത്രം സ്വതന്ത്രൻ


Higher Education Department
കേരള സർക്കാർ
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ADDITIONAL SKILL ACQUISITION PROGRAMME
asap
A Govt. of Kerala Undertaking
ആധുനിക തൊഴിൽ മേഖലകളിൽ അസാപ് കേരള നൽകുന്ന പരിശീലനം വഴി മികച്ച തൊഴിൽ അവസരങ്ങൾ സ്വന്തമാക്കാം
അസാപ് കേരളയുടെ
നൂതന ഹ്രസ്വകാല
നൈപുണ്യപരിശീലന
കോഴ്സുകൾ
ഇനി ലോകം നിങ്ങളെ തേടട്ടെ...!!!
ചെറിയ കാലയളവിൽ
പരിശീലനം
വലിയ വേതനത്തിൽ
ജോലി
GET SKILLED WITH ASAP KERALA
www.asapkerala.gov.in
9495 999 623/709


KPharma
Your Family Health Store
Your Prescription
Delivered Anytime,
Anywhere
Kuravankonam - +91 9995811166
Attingal - +91 8129484422
Pothencode - +91 9074558869
Manacaud - +91 8136988890
Vattiyoorkavu - +91 8714692315
Ayoor - +91 7593001351

**വട്ടിയൂർക്കാവിന്റെ ഹൃദയഭാഗത്ത് മൂന്നാംമൂടിൽ വർണ്ണവിസ്മയം തീർത്ത് വസ്ത്ര നിർമ്മാണ രംഗത്തേക്ക് പുതിയ കാൽവയ്പുമായി അജുഷ ഫാഷൻസ് പ്രവർത്തനം തുടങ്ങിയിരിക്കുന്നു.**

വളരെ കുറഞ്ഞ നിരക്കിൽ നിങ്ങളുടെ മേനിക്കിണങ്ങിയ പുതുമ നിറഞ്ഞ വസ്ത്രങ്ങൾ ശരിയായ അളവിൽ **അജുഷ ഫാഷൻസ്** - ൽ ലഭിക്കുന്നു.

തൊഴിലന്വേഷകരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമായി **അജുഷ ഫാഷൻസ്**.



ഏവർക്കും ഹൃദ്യമായ സ്വാഗതം..

AJUSHA FASHIONS

**AJUSHA FASHIONS**

Interzone Plaza TC 34/61, Moonnammoodu,
Vattiyoorkavu. P. O., Trivandrum - 695013
Ph : 9526912096, 9497120967, 9446177088



www.ksfe.com
കെ എസ് എഫ് ഇ
ഗോൾഡ് ലോൺ
ഇനി ആവശ്യങ്ങൾക്ക്
അവധികൊടുക്കേണ്ടതില്ല...
കുറഞ്ഞ പലിശ | കൂടുതൽ തുക | എത്രയും പെട്ടെന്ന്
KSFE
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com



BHIMA
GOLD • DIAMONDS • SILVER • PLATINUM
INDIA • UAE
+91 99472 54777
USP
URBANSCAPE PROPERTIES
A BHIMA INITIATIVE
A USP HOME - AN INVESTMENT IN TRUST AND QUALITY!
If you are keen on buying a home in Trivandrum choose - Urbanscape Properties, part of the unmatched 100 year legacy of Bhima.
ONGOING WORK IN FULL SWING
SOLITAIRE
VATTIYOORKAVU
2 & 3 BHK DESIGNER APARTMENTS
K-RERA/PRJ/TVM/192/2022
MIDTOWN
PREMIUM LUXURY APARTMENTS
KAZHAKOOTTAM
2 & 3 BHK PREMIUM APARTMENTS
K-RERA/PRJ/TVM/073/2024
ONGOING WORK IN FULL SWING
ONGOING WORK IN FULL SWING
DIVINITY
CLASSIC HOMES BY BHIMA
POTHENCODE
3 & 4 BHK PREMIUM LUXURY VILLAS
IN 5, 6 & 7 CENTS
PREMIUM GATED COMMUNITY
K-RERA/PRJ/TVM/223/2023
ALL PROJECT LANDS OWNED BY USP
rera.kerala.gov.in
URBANSCAPE PROPERTIES
Ruby Plaza, 3rd & 4th Floors, Vellayambalam - Sasthamangalam Road, Vellayambalam, Thiruvananthapuram - 695010
urbanscapepropertiesofficial
@urbanscapeproperties
urbanscapeproperties.com
CREDAI

ഫിൽക്ക ഫിലിം സൊസൈറ്റി

25 -ാം വാർഷികം

പ്രമാണിച്ചു സംഘടിപ്പിക്കുന്ന ദൃശ്യപരമ്പര...

# കേരള വിഷ്വൽ എൻസൈക്ലോപീഡിയ

കാഴ്ചയുടെ കൗതുകം, കേരള വിജ്ഞാന ശേഖരം
സൗജന്യ ഓൺലൈൻ റഫറൻസ് ന്യൂസ് മീഡിയ
www.keralapedia.com

എം.എസ്.എം.ഇ. ഉദ്യം – ജി. എസ്. ടി – ഐ പി ആർ കോപ്പിറൈറ്റ് രജിസ്റ്റേർഡ് സംരംഭം

- കോർപ്പറേഷൻ - മുൻസിപ്പാലിറ്റി മേഖലകളിലെ ഓരോ വാർഡിന്റെയും ഓരോ പഞ്ചായത്തിന്റെയും ഗവേഷണ ഡോക്യുമെന്ററി പരമ്പര പുനരാരംഭിക്കുന്നു.
- 40 - ലേറെ വിവിധ വിഷയങ്ങൾ.
- കൗൺസിലർമാരും പ്രമുഖരും പങ്കെടുക്കുന്നു.
- പ്രൊജക്റ്റ് ഫിലിം പരിശീലിക്കാൻ താൽപ്പര്യം ഉള്ളവർക്ക് ഫീസില്ലാതെ പങ്കെടുക്കാം.
- വാണിജ്യ സ്ഥാപനങ്ങൾക്ക് പരസ്യചിത്രം സൗജന്യമായി നിർമ്മിച്ച് കൊടുക്കുന്നു.
- അതത് വാർഡിൽ നിന്നുള്ള വാണിജ്യ സ്ഥാപനങ്ങളുടെ 10 സെക്കന്റ് പരസ്യചിത്രം ചേർക്കുന്നതിലൂടെ പ്രവർത്തകർക്ക് മികച്ച പ്രതിഫലം ഉടൻ ലഭിക്കുന്നു.

- വിദ്യാർത്ഥികൾക്കും സീനിയർ സിറ്റിസൺസിനും പാർട് ടൈം ജോലി.
- ഓരോ ഡോക്യുമെന്ററിയും 5 വർഷം പരസ്യചിത്രങ്ങളോടെ ഓൺലൈനിൽ സൂക്ഷിക്കുന്നു.

സാമ്പിൾ എപ്പിസോഡ്-സേർച്ച്: "വട്ടിയൂർക്കാവ് ഡോക്യുമെന്ററി ഫിലിം" - യുട്യൂബിൽ കാണാം.

# FILCA FILM SOCIETY

www.filca.in filcakerala@gmail.com

Contact:- 80890 36090 (General Secretary), 96336 70050 (Co-ordinator - Executive Committee Member), 98470 63190 (President), 98473 08020 (Joint Secretary), 94953 76760 (Vice President) & 95394 37067 (Treasurer).



എന്റെ കേരളം എന്നും സുന്ദരം
ലോകത്തെ കേരളം കാണിക്കൂ!
#entekeralamennumsundaram
കേരള സർക്കാർ
kerala
God's Own Country

filca FILM LOVERS CULTURAL ASSOCIATION

# FILCA FILM SOCIETY

www.filca.in

## 25 ാം വർഷത്തിലേയ്ക്ക്




- എല്ലാ മാസവും പ്രത്യേക പ്രമേയം ആസ്പദമാക്കി ലോക സിനിമാ ഫെസ്റ്റിവലുകൾ.
- നഗര ഹൃദയത്തിൽ സൗകര്യ പ്രദമായ പ്രദർശനം.
- പ്രവേശനം സൗജന്യം.
- ഓരോ മാസവും പ്രശസ്ത വ്യക്തികൾ അതിഥികളായെത്തുന്നു.
- ഓരോ മാസവും ഡിജിറ്റൽ ഫിലിം മാഗസിൻ.
- എപ്പോഴും റെഫറൻസിന് ഉപയോഗിക്കാവുന്ന രീതിയിൽ മാഗസിൻ ഓൺലൈനിൽ സൂക്ഷിക്കുന്നു.
- പ്രത്യേകം website. www.filca.in
- സിനിമയുമായി ബന്ധപ്പെട്ട് വർക്ക് ഷോപ്പുകൾ.
- വിവിധ കഴിവുകൾ ചലച്ചിത്ര - മാധ്യമ രംഗത്ത് പ്രകാശിപ്പിക്കാനുള്ള അവസരം.
- ചലച്ചിത്ര ഗ്രന്ഥങ്ങളുടെ പ്രസാധനം.
- ഡോക്യുമെന്ററി - ഫീച്ചർ സിനിമകളുടെ നിർമ്മാണം.
- സ്വന്തമായി നൂതന പ്രൊജക്ടർ, ഓഡിയോ സിസ്റ്റം, കമ്പ്യൂട്ടർ ഉപകരണങ്ങൾ, സ്ക്രീൻ തുടങ്ങിയവ.
- ഫിലിം എഡിറ്റിംഗ്, സിനിമാട്ടോഗ്രാഫി, സ്ക്രിപ്റ്റ് റൈറ്റിംഗ് തുടങ്ങിയവ പഠിക്കാൻ സൗകര്യം.
- സാങ്കേതിക വിദഗ്ദരുടെയും കലാകാരന്മാരുടെയും രചയിതാക്കളുടെയും ചലച്ചിത്ര ആസ്വാദകരുടെയും കൂട്ടായ്മ.

# ആന്ദ്രേ താർകോവ്സ്കി

# സ്റ്റോക്കർ

## വിശ്വവിഖ്യാത ചലച്ചിത്ര ശിൽപത്തിന്റെ തിരക്കഥാ പുനരാവിഷ്കാരം മലയാളത്തിൽ !




ഓഡിറ്റോറിയത്തിൽ സ്റ്റോക്കർ പുസ്തകം (മുഖവില 200 രൂപ) 150 രൂപയ്ക്ക് ലഭിക്കുന്നതാണ്. GPay സൗകര്യം ഉണ്ടായിരിക്കും

Vinod Kumar

Scan to pay with any UPI app


Film Vision Monthly May 2025.Rs 2/-RNI-KER/BIL/2002/8043

**Membership**


| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090



വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150



13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ജലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com
Shop Online

CHIEF EDITOR : DR. B. RADHAKRISHNAN * CHIEF ASSOCIATE EDITOR: RAJAMBIKA S.S*.
ASSOCIATE EDITOR: DR. LALITHA GOURI *SUB EDITORS : JYOTHISHKUMAR.P.S. ,
GIRIJA SURENDRAN.* DESIGN: SHAJI CAD * CIRCULATION: VINODKUMAR. P. *
EDITOR AND PUBLISHER: DR. SABU SANKAR ,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com